29 2021 ഡിസംബർ ബുധൻ ധനു 14

NAUTICAL TIMES KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 211 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-211 പേജ് 4. വില 2.00 രൂപ




02 മോദിയുടെ സുരക്ഷയ്ക്ക് 12 കോടിയുടെ കാർ

03 അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നതിന് 2 വാക്സിനുകൾകൂടി

04 ഇത്തവണയും വിദേശികളില്ലാത്ത പുതുവത്സരാഘോഷം

## മത്സ്യത്തൊഴിലാളികളുടെ അപകട മരണം

# ആറുമാസത്തിനകം ആനുകൂല്യം: മന്ത്രി

മത്സ്യത്തൊഴിലാളികൾ കടലിൽ അപകടത്തിൽപ്പെട്ടു മരണം സംഭവിച്ചാൽ ബന്ധുക്കൾക്ക് ആറു മാസത്തിനകം ആനുകൂല്യം ഉറപ്പാക്കുമെന്നു ഫിഷറീസ് മന്ത്രി സജി ചെറിയാൻ. ധനസഹായം അടക്കമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള പൂർണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഫിഷറീസ് ഓഫിസർക്കായിരിക്കുമെന്നും ഇക്കാര്യം ഉറപ്പാക്കുന്നതിനു ഫിഷറീസ് വകുപ്പിലും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലും നോഡൽ ഓഫിസർമാരെ നിയമിക്കുമെന്നും അദ്ദേഹം പറഞ്ഞു. മത്സ്യത്തൊഴിലാളികളുടെ അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി അദാലത്തും ആനുകൂല്യ വിതരണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.



മത്സ്യത്തൊഴിലാളി അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആനുകൂല്യ വിതരണം ഫിഷറീസ് മന്ത്രി സജി ചെറിയാൻ നിർവഹിക്കുന്നു

കടലിൽ പോകുന്ന മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ കർശനമാക്കുമെന്നു മന്ത്രി പറഞ്ഞു. കടലിൽ പോകുന്നവരുടെ പൂർണ വിവരങ്ങൾ ബന്ധപ്പെട്ട അധികൃതരെ നിർബന്ധമായും അറിയിക്കണം. അപകടമുണ്ടായാൽ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഇത് അനിവാര്യമാണ്. ഇക്കാര്യത്തിൽ വീഴ്ചവരുത്തരുത്. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പരിമിതികൾ മനസിലാക്കി പ്രവർത്തിക്കാൻ ഉദ്യോഗസ്ഥർക്കു കഴിയണം. അപകടത്തിൽ മരണപ്പെടുന്നവരുടെ ബന്ധുക്കൾക്ക് ആനൂകുല്യങ്ങൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അനുവദിക്കാനാകില്ല. യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ട ഉത്തരവാദിത്തം ഫിഷറീസ് ഉദ്യോഗസ്ഥർക്കായിരിക്കും. ആറു മാസത്തിനകം ആനുകൂല്യം നൽകാൻ കഴിഞ്ഞില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദീകരണം നൽകണം. തുടർന്ന് മന്ത്രിതലത്തിൽ ഇടപെടലുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

അപകടത്തിൽപ്പെട്ടു കാണാതാകുന്ന മത്സ്യത്തൊഴിലാളികളുടെ ബന്ധുക്കൾക്ക് ഏഴു വർഷം കഴിഞ്ഞാണ് നിലവിൽ ധനസഹായം ലഭിക്കുന്നത്. കേന്ദ്ര നിയമപ്രകാരമാണ് ഏഴു വർഷമെന്ന കാലയളവ് നിശ്ചയിച്ചിരിക്കുന്നത്. പലപ്പോഴും ഇതു മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കു വലിയ ബുദ്ധിമുട്ടു സൃഷ്ടിക്കുന്നുണ്ട്. ഈ നിബന്ധന മറികടന്ന് ആറു മാസത്തികം ഈ കുടുംബങ്ങൾക്കും ഇൻഷ്വറൻസ് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ ആലോചിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സർക്കാരും ഇൻഷ്വറൻസ് കമ്പനികളും തമ്മിൽ ധാരണയുണ്ടാക്കുമെന്നും മന്ത്രി പറഞ്ഞു.

വിവിധ കാരണങ്ങളാൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിൽ കാലതാമസം വന്നവരിൽ 52 പേർക്ക് ധനസഹായം നൽകാൻ തീരുമാനമെടുത്തതായി മന്ത്രി അറിയിച്ചു. അപകടത്തിൽപ്പെട്ടു മരണമടഞ്ഞ 50 പേരുടെ ബന്ധുക്കൾക്കും പൂർണ അവശതയിലായ രണ്ടു പേരുടെ ബന്ധുക്കൾക്കുമാണു ധനസഹായം നൽകുന്നത്. 4.92 കോടി രൂപ ഈ ഇനത്തിൽ നൽകും. ഇതിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം ജില്ലകളിലുള്ളവരുടെ ആനുകൂല്യ വിതരണം മന്ത്രി ചടങ്ങിൽ നിർവഹിച്ചു. ഈ ജില്ലകളിൽ ഇനിയും ആനുകൂല്യം ലഭിക്കാനുള്ളവരുടെ അപേക്ഷകൾ മന്ത്രി അദാലത്തിൽ പരിശോധിച്ചു.

മത്സ്യത്തൊഴിലാളി സമൂഹം അഭിമുഖീകരിച്ചിരുന്ന നിരവധി പ്രശ്നങ്ങളിൽ കഴിഞ്ഞ ആറു മാസത്തിനകം പരിഹാരമുണ്ടാക്കാൻ സർക്കാരിനു കഴിഞ്ഞതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച ഗതാഗത മന്ത്രി ആന്റണി രാജു പറഞ്ഞു. അനാവശ്യ തടസവാദങ്ങൾ ഉന്നയിച്ച് മത്സ്യത്തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യം വൈകിക്കാൻ ആരെയും അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരം പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ഫിഷറീസ് വകുപ്പ് സെക്രട്ടറി ടിങ്കു ബിസ്വാൾ, ഡയറക്ടർ ആർ. ഗിരിജ, മത്സ്യ ബോർഡ് ചെയർമാൻ സി.പി. കുഞ്ഞിരാമൻ, അംഗങ്ങളായ സി. പയസ്, എ.കെ. ജബ്ബാർ, പി.എ. ഹാരിസ്, സഫർ ഖയാൽ, ഇൻഷ്വറൻസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഷാജി വിത്സൺ, മത്സ്യബോർഡ് കമ്മിഷണർ ഒ. രേണുകാദേവി, ഇൻഷ്വറൻസ് കമ്പനി പ്രതിനിധികളായ സുജിത്ത് പി. കൃഷ്ണൻ, പി. അഭിലാഷ് തുടങ്ങിയവർ പങ്കെടുത്തു.

## മത്സ്യത്തൊഴിലാളി അംഗത്വ രജിസ്ട്രേഷന് ഓൺലൈൻ പോർട്ടൽ



ഉമരലയീസ വെമൃശിഴ യൗേീംേശലേ്യ വെമൃശിഴ യൗേീവെമൃലവേശഹ വെമൃശിഴ യൗേേീ

മത്സ്യത്തൊഴിലാളി അംഗത്വ രജിസ്ട്രേഷന് ഓൺലൈൻ പോർട്ടൽ

ണലറിലരെമ്യ, ഉലരലായലൃ 29, 2021 1:44 അങ കടഠ

തിരുവനനന്തപുരം: മത്സ്യബന്ധനവും അനുബന്ധ പ്രവൃത്തികളും മുഖ്യ തൊഴിലാക്കിയവർക്കു സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ഇനി ഓൺലൈനായി സമർപ്പിക്കാം. ഇതിനുള്ള ഓൺലൈൻ പോർട്ടൽ ഠഠഠ.ഉശാ െ.സലൃമഹമ.ഴീ്.ശി ഫിഷറീസ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെൻറ് സിസ്റ്റം (എഫ്.ഐ.എം.എസ്) എന്ന ഡാറ്റ ബേസിൽപ്പെടുത്തിയാണ് ഓൺലൈൻ പോർട്ടലിനു രൂപംനൽകിയത്.

ഓൺലൈനായി അപേക്ഷ നൽകുമ്പോൾത്തന്നെ അപേക്ഷകനു ടോക്കൺ നമ്പർ ലഭിക്കും. ഇതിനൊപ്പം അപേക്ഷയുടെ പ്രിൻറൗട്ട് എടുത്തു സൂക്ഷിക്കുകയും ചെയ്യാം. ടോക്കൺ നമ്പർ ഉപയോഗിച്ച് അപേക്ഷയുടെ നിലവിലെ സ്ഥിതി സ്വയം പരിശോധിക്കാം. ജനുവരി ഒന്നു മുതൽ സ്വീകരിക്കുന്ന അനുബന്ധ മത്സ്യത്തൊഴിലാളി രജിസ്ട്രേഷൻ അപേക്ഷ ഉൾപ്പെടെ കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡിലെ അംഗത്വത്തിനുള്ള എല്ലാ അപേക്ഷയും ഇനി മുതൽ ഓൺലൈനായി സമർപ്പിക്കാം.

## ആർഎസ്എസ് പ്രവർത്തകൻെറ കൊലപാതകം: മുഖ്യപ്രതി പിടിയിൽ

പാലക്കാട്: ആർഎസ്എസ് പ്രവർത്തകൻ സഞ്ജിത്ത് കൊല്ലപ്പെട്ട കേസിൽ മുഖ്യ പ്രതി പിടിയിൽ. കൃത്യത്തിൽ നേരിട്ടു പങ്കെടുത്ത അത്തിക്കോട് സ്വദേശിയാണ് ചെർപ്പുളശേരിയിൽ ഒളിവിൽ കഴിയവെ പിടിയിലായത്. മുഖ്യ പ്രതിയായതിനാൽ പേരും വിവരങ്ങളും പുറത്തുവിട്ടില്ല. ഇതോടെ കേസിൽ പിടിയിലായവരുടെ എണ്ണം ആറായി.

നേരത്തെ ഒരു എസ്ഡിപിഐ പ്രവർത്തകനെ ആക്രമിച്ച വൈരാഗ്യമാണ് കൊലപാതകത്തിനിടയാക്കിയതെന്നാണ് മൊഴി. ദീർഘകാല ആസൂത്രണത്തോടെയാണ് കൊല നടത്തിയതെന്നും എസ്പി ആർ.വിശ്വനാഥ് പറഞ്ഞു.

എസ്ഡിപിഐ മുതലമട പഞ്ചായത്ത് സെക്രട്ടറി നസീർ കഴിഞ്ഞദിവസം അറസ്റ്റിലായിരുന്നു. കൃത്യം നടത്താൻ പ്രതികൾക്കു വാഹനം എത്തിച്ചുനൽകിയതു നസീറാണെന്നാണ് പോലീസ് പറയുന്നത്. ഗൂഢാലോചനയിലും ഇയാൾക്കു പങ്കുണ്ടെന്നാണ് അന്വേഷണസംഘത്തിൻറെ കണ്ടെത്തൽ. കാറിൻറെ വ്യാജനന്പർ പ്ലേറ്റ് ഒരുക്കിയതും നസീറാണ്. കൊലപാതകത്തിനായി വാഹനം പൊള്ളാച്ചിയിലെത്തിച്ചു പൊളിക്കാൻ കൊടുത്തു. പോലീസ് തിരയുന്നുണ്ടെന്നു മനസിലാക്കിയ നസീർ ഒളിവിൽ പോയി. ഇയാളെ കൊല്ലങ്കോടുനിന്നാണ് അറസ്റ്റ് ചെയ്തത്.

കൊലപാതകത്തിൽ നേരിട്ടുപങ്കെടുത്ത കൊഴിഞ്ഞാന്പാറ സ്വദേശി ജാഫർ, വാഹനം ഓടിച്ച നെന്മാറ സ്വദേശി അബ്ദുൽസലാം, പ്രതികളെ രക്ഷപ്പെടാൻ സഹായിച്ച ഒറ്റപ്പാലം സ്വദേശി നിസാർ, ആലത്തൂർ സ്വദേശി നൗഫൽ, മലപ്പുറം സ്വദേശി ഇബ്രാഹിം, അന്പലപ്പാറ സ്വദേശി ഷംസീർ എന്നിവർക്കായി പോലീസ് ലുക്ക് നോട്ടീസ് ഇറക്കിയിരുന്നു. ഇവർ നാലുപേരും എസ്ഡിപിഐപോപ്പുലർ ഫ്രണ്ട് പ്രവർത്തകരാണ്.

കഴിഞ്ഞ മാസം 15നാണ് പട്ടാപ്പകൽ ഭാര്യയുടെ മുന്നിലിട്ടു സഞ്ജിത്തിനെ കൊലപ്പെടുത്തിയത്.

## ആർഎസ്എസിൻെറ വിവരങ്ങൾ എസ്ഡിപിഐക്ക് ചോർത്തിനൽകി: പോലീസുകാരന് സസ്പെൻഷൻ

ഇടുക്കി: എസ്ഡിപിഐ പ്രവർത്തകർക്ക് ആർഎസ്എസ് പ്രവർത്തരുടെ വിവരങ്ങൾ ചോർത്തി നൽകിയ പോലീസുകാരന് സസ്പെൻഷൻ. ഇടുക്കി കരിമണ്ണൂർ പോലീസ് സ്റ്റേഷനിലെ സിപിഒ അനസ് പി.കെയ്ക്ക് എതിരേയാണ് നടപടിയെടുത്തത്.

എസ്ഡിപിഐ പ്രവർത്തകർക്ക് പോലീസ് ഡാറ്റാബേസിൽ നിന്നുള്ള വിവരങ്ങളാണ് അനസ് ചോർത്തി കൊടുത്തത്. തൊടുപുഴയിൽ കെഎസ്ആർടിസി ബസ് ഡ്രൈവറെ എസ്ഡിപിഐ പ്രവർത്തകർ ബസിൽ നിന്നും വലിച്ചിറക്കി മർദിച്ചിരുന്നു.

സംഭവവുമായി ബന്ധപ്പെട്ട് ആറോളം എസ്ഡിപിഐ പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഇവരുടെ മൊബൈൽ ഫോൺ പരിശോധിച്ചപ്പോൾ ഒരാളുടെ മൊബൈലിൽ നിന്ന് അനസുമായി നിരന്തരം ബന്ധപ്പെട്ടതിൻെറ തെളിവുകൾ ലഭിച്ചത്. ഇതേ തുടർന്നാണ് നടപടി.

## സിൽവർ ലൈൻ പദ്ധതി അട്ടിമറിക്കാൻ ശ്രമമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തിൻറെ സമഗ്രവികസനത്തിന് മുതൽക്കൂട്ടാവുന്നതാണ് സിൽവർ ലൈൻ പദ്ധതിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തെറ്റിദ്ധാരണകൾ പരത്തി ചിലർ പദ്ധതി അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നടത്തുകയാണെന്നും എന്നാൽ പൊതുസമൂഹം അത്തരക്കാരുടെ പൊള്ളത്തരം തിരിച്ചറിയുന്നുണ്ടെന്നും ഫേസ്ബുക്ക് പോസ്റ്റിൽ മുഖ്യമന്ത്രി പറഞ്ഞു.



സംസ്ഥാനത്തിൻറെ ഗതാഗത മേഖലയിൽ മാത്രമല്ല, സമഗ്ര വികസനത്തിന് തന്നെ മുതൽക്കൂട്ടായി മാറുന്ന പദ്ധതിയാണ് സിൽവർ ലൈൻ. സിൽവർ ലൈൻ പദ്ധതിയെ കുറിച്ചുള്ള വസ്തുതകൾ മനസിലാക്കി അതിൻറെ വിജയത്തിനായി നമുക്ക് ഒരുമിച്ച് നിൽക്കാം. ഭാവി കേരളത്തിൻറെ അടിത്തറ ശക്തമാക്കാൻ പരിശ്രമിക്കാമെന്നും മുഖ്യമന്ത്രി പറഞ്ഞു.

## സംസ്ഥാനത്ത് ഏഴു പേർക്ക് കൂടി ഒമിക്രോൺ; ആകെ കേസുകൾ 64 ആയി

തിരുവനന്തപുരം: സംസ്ഥാനത്ത് ഏഴു പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. പത്തനംതിട്ട നാല് , ആലപ്പുഴ രണ്ട്, തിരുവനന്തപുരം ഒന്ന് എന്നിങ്ങനെയാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്.

പത്തനംതിട്ടയിൽ ഒമിക്രോൺ സ്ഥിരീകരിച്ചവരിൽ രണ്ട് പേർ (32), (40) യുഎഇയിൽ നിന്നും ഒരാൾ അയർലൻഡിൽ നിന്നും (28) വന്നതാണ്. ഒരാൾക്ക് (51) സമ്പർക്കത്തിലൂടെയാണ് ഒമിക്രോൺ ബാധിച്ചത്.

ആലപ്പുഴയിൽ രോഗം സ്ഥിരീകരിച്ച ആൺകുട്ടി (9) ഇറ്റലിയിൽ നിന്നും ഒരാൾ (37) ഖത്തറിൽ നിന്നും വന്നതാണ്. തിരുവനന്തപുരത്ത് രോഗം സ്ഥിരീകരിച്ചയാൾ (48) ടാൻസാനിയയിൽ നിന്നും വന്നതാണ്.

രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയിൽ നടത്തിയ പരിശോധനയിലാണ് ഇവർക്ക് ഒമിക്രോൺ സ്ഥിരീകരിച്ചത്. ഇതോടെ സംസ്ഥാനത്ത് ആകെ 64 പേർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്.

## തൊഴിൽ നികുതി ഓൺലൈൻ പോർട്ടൽ ഉദ്ഘാടനം മൂന്നിന്

തൊഴിൽ നികുതി ഓൺലൈൻ പോർട്ടലിന്റെ സംസ്ഥാനതല ഉദ്ഘാടനം ജനുവരി മൂന്നിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ ഓൺലൈനായി നിർവഹിക്കും. രാവിലെ 10.30നാണു ചടങ്ങ്. സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും തൊഴിൽ നികുതി ഓൺലൈനായി അടയ്ക്കുന്നതിന് www.pro-f-e-ssion-tax.l-sg-k-er-a-l-a.gov.in എന്ന ഓൺലൈൻ പോർട്ടലാണ്.




മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്കുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള പോർട്ടൽ ഫിഷറീസ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു

# മോദിയുടെ സുരക്ഷയ്ക്ക് 12 കോടിയുടെ കാർ

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സുരക്ഷ വർധിപ്പിക്കുന്നതിൻറെ ഭാഗമായി ഇനിയുള്ള യാത്രകൾ സർവ സുരക്ഷാസന്നാഹങ്ങളുമുള്ള 12 കോടിയിലേറെ രൂപ വിലയുള്ള കാറിൽ. 'മെഴ്സിഡസ് ബെൻസ് മേബാക്ക് എസ് 650 ഗാർഡ്' ആണ് മോദിയുടെ പുതിയ സുരക്ഷാ വാഹനം. ഇതുവരെ ഉപയോഗിച്ചിരുന്നത് റേഞ്ച് റോവർ വോഗും ടൊയോട്ടയുടെ ലാൻഡ് ക്രൂയിസറുമായിരുന്നു.



കാറിൻറെ ജനലിൻറെ ഉൾവശത്ത് പോളികാർബണേറ്റ് ആണ് ഉപയോഗിച്ചിരിക്കുന്നത്. നേരിട്ടുള്ള സ്ഫോടനങ്ങളെ പ്രതിരോധിക്കുന്നതിന് വാഹനത്തിൻറെ താഴെഭാഗത്ത് ശക്തമായ സുരക്ഷയാണ് നൽകിയിരിക്കുന്നത്. അതിനുപുറമേ രാസ ആക്രമണത്തെ പ്രതിരോധിക്കുന്നതിന് കാബിനിൽ പ്രത്യേക എയർ സപ്ലൈയും ഒരുക്കിയിട്ടുണ്ട്. സ്ഫോടന പ്രതിരോധത്തിൽ 2010 എക്സ്പ്ലോഷൻ പ്രൂഫ് വെഹിക്കിൾ റേറ്റിംഗ് ആണ് ഇതിനുള്ളത്.

ഇന്ത്യ സന്ദർശിച്ച റഷ്യൻ പ്രസിഡൻറ് വ്ളാദ്മിർ പുടിനെ സ്വീകരിക്കാൻ ഡൽഹി ഹൈദരാബാദ് ഹൗസിൽ മോദി എത്തിയത് പുത്തൻ മേബാക്കിലായിരുന്നു. അടുത്തയിടെ പങ്കെടുത്ത ഒരു റാലിയിലും ഇതേ കാറിലാണ് പ്രധാനമന്ത്രി എത്തിയത്. അതീവസുരക്ഷാ സംവിധാനങ്ങളുള്ള വിആർ10 ലെവൽ പ്രൊട്ടക്ഷനോടു കൂടിയതാണ് പ്രധാനമന്ത്രിയുടെ പുത്തൻ കാർ.

മണിക്കൂറിൽ 160 കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കാവുന്ന മേബാക്ക് എസ്650 ഗാർഡിന് 6 ലിറ്റർ ട്വിൻ ടർബോ എൻജിനാണുള്ളത്. വാഹനത്തിൻറെ സൈഡ് ഗ്ലാസുകൾ വെടിയുണ്ടകളെ പ്രതിരോധിക്കുന്ന തരത്തിൽ കട്ടിയുള്ള സ്റ്റീൽ കൊണ്ടാണ് നിർമിച്ചിരിക്കുന്നത്. അതിനു പുറമെ, രണ്ടു മീറ്റർ അകലത്തിലുണ്ടാകുന്ന 15 കിലോഗ്രാമിൻറെ ടിഎൻടി സ്ഫോടനത്തെ വരെ മറികടക്കാവുന്ന തരത്തിലാണ് വാഹനം ഒരുക്കിയിരിക്കുന്നത്.

ഗുജറാത്ത് മുഖ്യമന്ത്രി ആയിരുന്ന സമയത്ത് പ്രധാനമന്ത്രി മോദിക്ക് യാത്ര ചെയ്യുന്നതിന് ബുള്ളറ്റ് പ്രൂഫ് മഹീന്ദ്ര സ്കോർപിയോ ആയിരുന്നു ഉണ്ടായിരുന്നത്. പിന്നീട്. 2014ൽ പ്രധാനമന്ത്രി ആയതിനു പിന്നാലെ ബിഎംഡബ്ലിയു ഏഴ് സീരീസിലുള്ള വാഹനവും എത്തിയിരുന്നു.

ഈ ശൃംഖലയിൽ ഏറ്റവും ഒടുവിലുള്ള വാഹനമാണ് മേഴ്സിഡസിൻറെ മേബാക്ക് എസ് 650 ഗാർഡ്.

# കാൺപൂർ മെട്രോ റെയിൽ പദ്ധതി പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു

കാൺപൂർ മെട്രോ റെയിൽ പദ്ധതി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്തു. കാൺപൂർ മെട്രോ റെയിൽ പദ്ധതി പരിശോധിച്ച അദ്ദേഹം ഐ.ഐ.ടി മെട്രോ സ്റ്റേഷനിൽ നിന്ന് ഗീതാ നഗറിലേക്ക് മെട്രോ യാത്രയും നടത്തി.

ബിനാപങ്കി ബഹു ഉൽപ്പന്ന പൈപ്പ് ലൈൻ പദ്ധതിയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. മധ്യപ്രദേശിലെ ബിനാ റിഫൈനറി മുതൽ കാൺപൂരിലെ പങ്കി വരെ നീളുന്ന പൈപ്പ് ലൈൻ ബിനാ റിഫൈനറിയിൽ നിന്നുള്ള പെട്രോളിയം ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിന് മേഖലയെ സഹായിക്കും. ഉത്തർപ്രദേശ് മുഖ്യമന്ത്രി ശ്രീ യോഗി ആദിത്യനാഥ്, കേന്ദ്രമന്ത്രി ശ്രീ ഹർദീപ് പുരി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

മെട്രോ ബന്ധിപ്പിക്കലിനും പൈപ്പ് ലൈൻ പദ്ധതിയുടെ ഉദ്ഘാടനത്തിനും കാൺപൂരിലെ ജനങ്ങളെ പ്രധാനമന്ത്രി അഭിനന്ദിച്ചു. നഗരവുമായുള്ള തന്റെ ദീർഘകാല ബന്ധം അനുസ്മരിച്ചുകൊണ്ട്, നിരവധി പ്രാദേശിക പരാമർശങ്ങളോടെയും കാൺപൂരിലെ ജനങ്ങളുടെ അല്ലല്ലില്ലാത്തതും രസകരവുമായ സ്വഭാവത്തെക്കുറിച്ചുള്ള ആഹ്ളാദകരമായ അഭിപ്രായപ്രകടനങ്ങളോടെയുമാണ് അദ്ദേഹം തന്റെ പ്രസംഗം ആരംഭിച്ചത്.

ദീൻ ദയാൽ ഉപാധ്യായ, അടൽ ബിഹാരി വാജ്പേയി, സുന്ദർ സിംഗ് ഭണ്ഡാരി തുടങ്ങിയ അതികായരെ രൂപപ്പെടുത്തുന്നതിലുള്ള നഗരത്തിന്റെ പങ്കും അദ്ദേഹം പരാമർശിച്ചു. ഇന്നത്തെ ദിവസവും അദ്ദേഹം എടുത്തുകാട്ടി അതായത് ചൊവ്വാഴ്ച ഉത്തർപ്രദേശിന്റെ വികസനത്തിലെ മറ്റൊരു സുവർണ അദ്ധ്യായത്തിന് പങ്കിവാലെ ഹനുമാൻ ജിയുടെ അനുഗ്രഹം അഭ്യർത്ഥിച്ച ദിവസം. "മുൻകാലങ്ങളിലെ സമയനഷ്ടം നികത്താൻ ഉത്തർപ്രദേശിലെ ഇന്നത്തെ ഇരട്ട എഞ്ചിൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. ഞങ്ങൾ ഇരട്ട വേഗതയിലാണ് പ്രവർത്തിക്കുന്നത്", അദ്ദേഹം പറഞ്ഞു.

ഉത്തർപ്രദേശ് സംസ്ഥാനത്തിന്റെ പ്രതിച്ഛായയിലെ മാറ്റം പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. നിയമവിരുദ്ധ ആയുധങ്ങൾക്ക് പേരുകേട്ട ഒരു സംസ്ഥാനം ഇപ്പോൾ രാജ്യത്തിന്റെ സുരക്ഷയ്ക്കും സുരക്ഷയ്ക്കും സംഭാവന നൽകുന്ന പ്രതിരോധ ഇടനാഴിയുടെ കേന്ദ്രമാണെന്ന് അദ്ദേഹം പറഞ്ഞു.

തറക്കല്ലിട്ട ജോലികൾ പൂർത്തിയാക്കാൻ ഇരട്ട എഞ്ചിൻ ഗവൺമെന്റുകൾ രാവും പകലും പ്രവർത്തിക്കുന്നുവെന്ന് സമയപരിധികൾ പാലിക്കുന്ന തൊഴിൽ സംസ്കാരത്തെക്കുറിച്ച് അഭിപ്രായപ്പെട്ടുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. "ഞങ്ങളുടെ ഗവൺമെന്റാണ് കാൺപൂർ മെട്രോയുടെ തറക്കല്ലിട്ടത്, ഞങ്ങളുടെ ഗവൺമെന്റ് തന്നെഅത് സമർപ്പിക്കുകയുമാണ്. ഞങ്ങളുടെ ഗവൺമെന്റ് പൂർവാഞ്ചൽ എക്സ്പ്രസ് വേയുടെ തറക്കല്ലിട്ടു, ഞങ്ങളുടെ തന്നെ ഗവൺമെന്റ് അതിന്റെ പണി പൂർത്തിയാക്കി", ശ്രീ മോദി വ്യക്തമാക്കി. ഉത്തർപ്രദേശിൽ വരാനിരിക്കുന്ന ഏറ്റവും വലിയ അന്താരാഷ്ട്ര വിമാനത്താവളം, സംസ്ഥാനത്ത് തന്നെ നിർമ്മാണം നടക്കുന്ന രാജ്യത്തെ ഏറ്റവും ദൈർഘ്യമേറിയ എക്സ്പ്രസ് വേ, ഉത്തർപ്രദേശിൽ വരുന്ന സമർപ്പിത ചരക്ക് ഇടനാഴി കേന്ദ്രം തുടങ്ങിയ പ്രധാന നേട്ടങ്ങളുടെ പട്ടികയും വിശദീകരിച്ചു.

2014ന് മുമ്പ് ഉത്തർപ്രദേശിൽ ഓടിയിരുന്ന മെട്രോയുടെ ആകെ ദൈർഘ്യം 9 കിലോമീറ്ററായിരുന്നുവെന്ന് പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. 2014 നും 2017 നും ഇടയിൽ മെട്രോയുടെ നീളം മൊത്തം 18 കിലോമീറ്ററായി വർദ്ധിച്ചു. ഇന്ന് കാൺപൂർ മെട്രോ കൂടി ഉൾപ്പെടുത്തിയാൽ, സംസ്ഥാനത്തെ മെട്രോയുടെ നീളം ഇപ്പോൾ 90 കിലോമീറ്റർ കവിഞ്ഞിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

ദശാബ്ദങ്ങളായി, ഒരു ഭാഗം വികസിപ്പിച്ചാൽ മറ്റൊന്ന് പിന്നിലാകുമായിരുന്നുവെന്ന് മുൻകാലങ്ങളിലെ അസന്തുലിതമായ വികസനം ചൂണ്ടിക്കാട്ടി പ്രധാനമന്ത്രി പറഞ്ഞു. "സംസ്ഥാനങ്ങളുടെ തലത്തിൽ, സമൂഹത്തിലെ ഈ അസമത്വം ഇല്ലാതാക്കുക എന്നതും ഒരുപോലെ പ്രധാനമാണ്. അതുകൊണ്ടാണ് ഞങ്ങളുടെ ഗവൺമെന്റ് സബ്കാ സാത്ത് സബ്കാ വികാസ് (എല്ലാവർക്കും ഒപ്പം എല്ലാവരുടെയും വികസനം) എന്ന മന്ത്രത്തോടെ പ്രവർത്തിക്കുന്നതെന്ന് അദ്ദേഹം തറപ്പിച്ചുപറഞ്ഞു. സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി ഇരട്ട എൻജിൻ ഗവൺമെന്റ് സുദൃഢമായ പ്രവർത്തനമാണ് നടത്തുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. മുൻപ് ഉത്തർപ്രദേശിൽ കോടിക്കണക്കിന് വീടുകളിലേക്ക് പൈപ്പ് വെള്ളം എത്തിയിരുന്നില്ല. 'ഹർ ഘർ ജൽ മിഷനി' (എല്ലാവീട്ടിലും ജലം)ലൂടെ ഇന്ന് ഞങ്ങൾ യു.പിയിലെ എല്ലാ വീടുകളിലും ശുദ്ധജലം ലഭ്യമാക്കുന്നതിനായി ഏർപ്പെട്ടിരിക്കുകയാണെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

ഉത്തർപ്രദേശിനെ വികസനത്തിന്റെ പുതിയ ഉയരങ്ങളിലെത്തിക്കാൻ ഇരട്ട എഞ്ചിൻ ഗവൺമെന്റ് ആത്മാർത്ഥമായും ഉത്തരവാദിത്തത്തോടെയും പ്രവർത്തിക്കുകയാണ്. എങ്ങനെ വലിയ ലക്ഷ്യങ്ങൾ നിശ്ചയിക്കാമെന്നും അവ എങ്ങനെ നേടാമെന്നും ഇരട്ട എഞ്ചിൻ ഗവൺമെന്റിന് അറിയാം. പ്രസരണം (ട്രാൻസ്മിഷൻ), വൈദ്യുതിയുടെ സ്ഥിതി, നഗരങ്ങളുടെയും നദികളുടെയും ശുചിത്വം എന്നിവയിലെ പുരോഗതിയുടെ ഉദാഹരണങ്ങൾ അദ്ദേഹം നൽകി. 2014ഓടെ സംസ്ഥാനത്തെ നഗരങ്ങളിലെ പാവപ്പെട്ടവർക്കുണ്ടായിരുന്ന വെറും 2.5 ലക്ഷം വീടുകളുമായി താരതമ്യം ചെയ്യുമ്പോൾ കഴിഞ്ഞ നാലര വർഷത്തിനിടെ 17 ലക്ഷം വീടുകൾക്കാണ് അംഗീകാരം നൽകിയതെന്ന് അദ്ദേഹം അറിയിച്ചു. അതുപോലെ വഴിയോരക്കച്ചവടക്കാർക്ക് ആദ്യമായി സർക്കാർ ശ്രദ്ധ ലഭിച്ചു, പ്രധാനമന്ത്രി സ്വാനിധി യോജനയിലൂടെ സംസ്ഥാനത്തെ 7 ലക്ഷത്തിലധികം ആളുകൾക്ക് 700 കോടിയിലധികം രൂപ ലഭിച്ചു. മഹാമാരിയുടെ കാലത്ത് സംസ്ഥാനത്തെ 15 കോടിയിലധികം പൗരന്മാർക്ക് ഗവൺമെന്റ് സൗജന്യ റേഷൻ ഏർപ്പെടുത്തി. 2014ൽ രാജ്യത്ത് 14 കോടി പാചകവാതക (എൽ.പി.ജി) കണക്ഷനുകളാണുണ്ടായിരുന്നത്. ഇപ്പോൾ 30 കോടിയിലേറെയുണ്ട്. ഉത്തർപ്രദേശിൽ മാത്രം 1.60 കോടി കുടുംബങ്ങൾക്ക് പുതിയതായി പാചകവാതക (എൽ.പി.ജി) കണക്ഷൻ ലഭിച്ചു.

യോഗി ഗവൺമെന്റ് മാഫിയ സംസ്കാരം ഇല്ലാതാക്കിയത് യു.പിയിലെ നിക്ഷേപ വർദ്ധനയിലേക്ക് നയിച്ചുവെന്ന് മെച്ചപ്പെട്ട ക്രമസമാധാന നിലയെക്കുറിച്ച് പരാമർശിച്ചുകൊണ്ട് പ്രധാനമന്ത്രി സൂചിപ്പിച്ചു. വ്യാപാര, വ്യവസായ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനായി കാൺപൂരിലും ഫസൽഗഞ്ചിലും ഒരു മെഗാ ലെതർ സ്റ്ററിന് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. പ്രതിരോധ ഇടനാഴിയും ഒരു ജില്ല ഒരു ഉൽപ്പന്നം പോലുള്ള പദ്ധതികളും കാൺപൂരിലെ സംരംഭകർക്കും വ്യവസായികൾക്കും പ്രയോജനപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു. നിയമത്തെ ഭയന്ന് കുറ്റവാളികൾ പിന്നോട്ടടിച്ചുവെന്നും അദ്ദേഹം പറഞ്ഞു. അടുത്തിടെ ഔദ്യോഗിക റെയ്ഡുകളിലൂടെ അനധികൃത പണം കണ്ടെത്തിയതിനെ പരാമർശിച്ച അദ്ദേഹം ഇത്തരക്കാരുടെ തൊഴിൽ സംസ്കാരം ആളുകൾ കാണുകയാണെന്നും പറഞ്ഞു.

# ജർമനിയിൽ ഒമിക്രോൺ മരണം; കേസുകളുടെ എണ്ണം 3,198 ആയി

ബർലിൻ: ജർമനിയിൽ ആദ്യത്തെ ഒമിക്രോൺ മരണം റോബർട്ട് കോച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ആർകെഐ) റിപ്പോർട്ട് ചെയ്തു. 60നും 79നും ഇടയിൽ പ്രായമുള്ളയാളാണ് മരിച്ചത്.

രാജ്യത്തെ ഒമിക്രോൺ കേസുകളുടെ എണ്ണം 3,198 ആയി ഉയർന്നു. റോബർട്ട് കോഹ് ഇൻസ്ററിറ്റ്യൂട്ട് വ്യാഴാഴ്ച പുറത്തിറക്കിയ പുതിയ ഒമിക്റോൺ റിപ്പോർട്ടിലാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. രാജ്യത്ത് ഇതുവരെയായി 3198 ഒമിക്രോൺ കേസുകൾ ഉണ്ട്. എന്നാൽ റിപ്പോർട്ട് ചെയ്യപ്പെടാത്ത കേസുകളുടെ എണ്ണം ഇതിലും കൂടുതലാണെന്ന് സംശയിക്കുന്നു.

കഴിഞ്ഞ ദിവസത്തെ അപേക്ഷിച്ച് ഇന്ന് കേസുകൾ 25 ശതമാനം വർധിച്ചു. നോർത്ത് റൈൻവെസ്ററ്ഫാലിയയിലാണ് മിക്ക കേസുകളും ഉണ്ടായിരിയ്ക്കുന്നത്. ആർകെഐ റിപ്പോർട്ട് അനുസരിച്ച്, മിക്ക കേസുകളും 15 മുതൽ 59 വയസ്സുവരെയുള്ളവരിലാണ് സംഭവിക്കുന്നത്.

1.5 ശതമാനം ഓമിക്രോൺ കേസുകളും ആശുപത്രിയിലാണ് 80 വയസും അതിൽ കൂടുതലുമുള്ളവരിൽ 20% പേർ മാത്രമേ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ള റിപ്പോർട്ട് ചെയ്ത കേസുകൾ പോസിറ്റീവ് ആണ്.

# ദളിത് വിദ്യാർത്ഥിനിയെ പീഡിപ്പിച്ച കേസ്: പ്രതിക്ക് 25 വർഷം തടവും 50,000 പിഴയും

തിരുവനന്തപുരം: വിവാഹ വാഗ്ദാനം നടത്തി പത്താം ക്ലാസുകാരിയായ ദളിത് പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ പ്രതിക്ക് 25 വർഷം കഠിന തടവും 50,000 രൂപ പിഴയ്ക്കും തിരുവനന്തപുരം അതിവേഗ സ്പെഷ്യൽ കോടതി വിധിച്ചു. വള്ളക്കടവ് വയ്യാമൂല സ്വദേശി അശ്വിൻ ബിജു(23)വിനാണ് ജഡ്ജി ആർ ജയകൃഷ്ണൻ ശിക്ഷ വിധിച്ചത്. പിഴ ഒടുക്കിയില്ലെങ്കിൽ ഒരു വർഷം കൂടുതൽ ശിക്ഷ അനുഭവിക്കണം. പിഴ തുക കുട്ടിക്ക് നൽകണം.

2017, 2018 കാലഘട്ടങ്ങളിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. പെൺകുട്ടിക്ക് വിവാഹ വാഗ്ദാനം നൽകി ഭീഷണിപ്പെടുത്തി പല തവണ ലോഡ്ജിൽ കൊണ്ടുപോയി പീഡിപ്പിക്കുകയായിരുന്നു. കുട്ടി വഴങ്ങാത്തതിനാൽ പ്രതി മർദ്ദിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടിയുടെ സ്വർണ ഏലസും പൈസയും വരെ പ്രതി കൈക്കലാക്കി. പ്രതി മറ്റൊരു പെൺകുട്ടിയെ വിവാഹം കഴിച്ചപ്പോഴാണ് താൻ ചതിക്കപ്പെട്ടുവെന്ന് കുട്ടി അറിയുന്നത്.

പ്രോസിക്യൂഷന് വേണ്ടി സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർ ആർ എസ് വിജയ് മോഹൻ ഹാജരായി. ഫോർട്ട് എസിയായിരുന്ന ജെകെ ദിനിൽ, സിഐ അജി ചന്ദ്രൻ നായർ എന്നിവരാണ് കുറ്റപത്രം ഫയൽ ചെയ്തത്.

# എക്സ്പെർട്ട് ഇൻ ഫിനാൻഷ്യൽ മാറ്റേഴ്സ് തസ്തികയിൽ അപേക്ഷ ക്ഷണിച്ചു

പ്രധാനമന്ത്രി ആവാസ്യോജന (ഗ്രാമീൺ) സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ 'എക്സ്പെർട്ട് ഇൻ ഫിനാൻഷ്യൽ മാറ്റേഴ്സ്' തസ്തികയിൽ താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സി.എ /ഐ.സി.ഡബ്ലു.എ വിജയിച്ചവരാകണം. ഒരു വർഷത്തെ പ്രവൃത്തിപരിചയം അഭികാമ്യം. സി.എ/ ഐ.സി.ഡബ്ല്യു.എ വിജയിച്ചവരുടെ അഭാവത്തിൽ പ്രവർത്തിപരിചയമുള്ള സി.എ/ ഐ.സി.ഡബ്ലൂ.എ ഇന്റർ യോഗ്യതയുള്ളവരെ പരിഗണിക്കും. പ്രതിമാസ ശമ്പളം 30,995 രൂപ. ഡിസംബർ 29 വൈകിട്ട് 5നകം ഗ്രാമ വികസന കമ്മീഷണർ, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി ഒ, തിരുവനന്തപുരം03 എന്ന വിലാസത്തിൽ അപേക്ഷ ലഭിക്കണം. അപേക്ഷാ ഫോമിന്റെ മാതൃകയും മറ്റു വിശദാംശങ്ങളും www.r-d-d.l-sg-k-er-a-l-a.gov.in ൽ ലഭ്യമാണ്.

# ലേലം ജനുവരി നാലിന്

കൊല്ലം സിറ്റി പോലീസ് കമ്മിഷണർ ഓഫീസ് പരിസരത്തുള്ള രണ്ട് മരങ്ങൾ ജനുവരി നാലിന് രാവിലെ 11 മണിക്ക് ലേലം ചെയ്യുമെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു.

# കുട്ടികളുടെ വാക്സിനേഷന് പ്രത്യേക സംവിധാനങ്ങൾ: മന്ത്രി വീണാ ജോർജ്

## കരുതലോടെ കേരളം: മുന്നൊരുക്ക പ്രവർത്തനങ്ങൾ ആരംഭിച്ചു

15 മുതൽ 18 വയസുവരെയുള്ള കുട്ടികളുടെ കോവിഡ് വാക്സിനേഷനായും കരുതൽ ഡോസിനായും സംസ്ഥാനം മുന്നൊരുക്കം ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്.

കുട്ടികളുടെ വാക്സിനേഷന് വാക്സിനേഷൻ കേന്ദ്രങ്ങളിൽ പ്രത്യേക സംവിധാനമൊരുക്കും. മുതിർന്നവരുടേയും കുട്ടികളുടേയും വാക്സിനേഷനുകൾ കൂട്ടിക്കലർത്തില്ല.

കുട്ടികൾക്ക് ആദ്യമായി കോവിഡ് വാക്സിൻ നൽകുന്നതിനാൽ എല്ലാ സുരക്ഷാ മുൻകരുതലുകളും സ്വീകരിക്കും. വാക്സിനേഷന് മുമ്പും ശേഷവും കുട്ടികളെ നിരീക്ഷിച്ച് ആരോഗ്യനില ഉറപ്പാക്കും. കുട്ടികൾക്ക് കോവാക്സിനായിരിക്കും നൽകുക എന്നാണ് കേന്ദ്രം അറിയിച്ചിട്ടുള്ളത്. 15 ലക്ഷത്തോളം വരുന്ന കുട്ടികളാണ് ഈ വിഭാഗത്തിൽ വരുന്നത്. ഒമിക്രോൺ പശ്ചാത്തലത്തിൽ എല്ലാവരും തങ്ങളുടെ കുട്ടികൾക്ക് വാക്സിൻ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ മാർഗനിർദേശം അനുസരിച്ചായിരിക്കും ആരോഗ്യ പ്രവർത്തകർ, മുൻനിര പ്രവർത്തകർ, 60 വയസിന് മുകളിലുള്ള അനുബന്ധ രോഗമുള്ളവർ എന്നിവർക്ക് കരുതൽ ഡോസ് നൽകുക. രണ്ടാം ഡോസ് വാക്സിൻ എടുത്ത ശേഷം 9 മാസങ്ങൾക്ക് ശേഷമാണ് കരുതൽ ഡോസ് നൽകുന്നത്.

സംസ്ഥാനത്തെ ആദ്യ ഡോസ് വാക്സിനേഷൻ 98 ശതമാനവും രണ്ടാം ഡോസ് വാക്സിനേഷൻ 78 ശതമാനവും ആയി. ഒന്നും രണ്ടും ഡോസ് ചേർത്ത് 4.67 കോടിയിലധികം പേർക്ക് വാക്സിൻ നൽകി. കുട്ടികളുടെ വാക്സിനേഷൻ ആരംഭിക്കുന്നതിന് മുമ്പ് ആദ്യ ഡോസ് വാക്സിനെടുക്കാൻ ബാക്കിയുള്ളവരും രണ്ടാം ഡോസ് എടുക്കാൻ സമയം കഴിഞ്ഞവരും വാക്സിൻ സ്വീകരിക്കേണ്ടതാണ്.

സംസ്ഥാനത്ത് 25 ലക്ഷത്തോളം ഡോസ് വാക്സിൻ സ്റ്റോക്കുണ്ട്. ജനുവരി രണ്ട് കഴിഞ്ഞാൽ കുട്ടികളുടെ വാക്സിനേഷനായിരിക്കും പ്രാധാന്യം നൽകുക. തിരക്കൊഴിവാക്കാൻ ബാക്കിയുള്ളവർ എത്രയും വേഗം വാക്സിൻ എടുക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി വിഭാഗങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് ജനസംഖ്യാനുപാതികമായി 202122 അദ്ധ്യയന വർഷത്തേക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപന്റ് നൽകുന്നതിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കാണ് സ്കോളർഷിപ്പ്. ബിരുദത്തിന് പഠിക്കുന്നവർക്ക് 5,000 രൂപയും ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവർക്ക് 6,000 രൂപയും, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവർക്ക് 7,000 രൂപയും ഹോസ്റ്റൽ സ്റ്റൈപന്റ് ഇനത്തിൽ 13,000 രൂപയും വീതവുമാണ് പ്രതിവർഷം സ്കോളർഷിപ്പ്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച് സ്വാശ്രയ മെഡിക്കൽ/ എൻജിനിയറിങ് കോളേജുകളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാം. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാം. ആദ്യ വർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാത്തവർക്കും ഇപ്പോൾ പഠിക്കുന്ന വർഷത്തേക്ക് അപേക്ഷിക്കാം. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം എട്ട് ലക്ഷം രൂപയിൽ കവിയരുത് (ബി.പി.എൽകാർക്ക് മുൻഗണന). അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ഠഠഠ.ാശിീൃശ്യേംലഹളമൃല.സലൃമഹമ.ഴീ.ശി വഴി ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 20. കൂടുതൽ വിവരങ്ങൾക്ക്: 04712300524.

# സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാമിംഗ് കോഴ്സ്

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൽട്രി വികസന കോർപ്പറേഷനും സംയുക്തമായി നടത്തുന്ന ആറു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ് 2022 ജനുവരി ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. എട്ടാം ക്ലാസ് വിജയിച്ചിരിക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് ലഭിക്കും.

ഫൈൻ കൂടാതെ ജനുവരി 31 വരെ അപേക്ഷ സ്വീകരിക്കും. https://onlineadmission.ignou.ac.in/admission/ വഴി ഓൺലൈനായി അപേക്ഷിക്കാം.

കൂടുതൽ വിവരങ്ങൾക്ക്: 9495000930, 9400608493.

# തദ്ദേശസ്ഥാപനതല സ്പോർട്സ് കൗൺസിൽ, തെരഞ്ഞെടുപ്പ് നടപടികൾ തുടങ്ങി: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിച്ചതായി തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. സ്പോർട്സ് നിയമത്തിൽ അനുശാസിക്കുന്ന വിധത്തിൽ എക്സ് ഒഫീഷ്യോ അംഗങ്ങൾ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നിങ്ങനെയാണ് കൗൺസിലിൽ അംഗങ്ങൾ ഉണ്ടാവുക. ഇതിൽ തെരഞ്ഞെടുക്കപ്പെടേണ്ടവരെ തെരഞ്ഞെടുക്കാനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും റിട്ടേണിംഗ് ഓഫീസർമാരെ നിയമിച്ചുവെന്ന് മന്ത്രി വ്യക്തമാക്കി.

കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ തെരഞ്ഞെടുപ്പിന്റെ റിട്ടേണിംഗ് ഓഫീസറായി ജില്ലാ കലക്ടറേയും മുനിസിപ്പാലിറ്റികൾക്ക് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറേയും ഗ്രാമപഞ്ചായത്തുകൾക്ക് ബി ഡി ഒയെയും അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയേയും ചുമതലപ്പെടുത്തിയതായി മന്ത്രി പറഞ്ഞു. സ്പോർട്സ് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ, ഗ്രാമപഞ്ചായത്തുകൾ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്കും മുനിസിപ്പാലിറ്റികൾ നഗരകാര്യമേഖല ജോയിന്റ് ഡയറക്ടർക്കും കോർപ്പറേഷനുകൾ നഗരകാര്യവകുപ്പിലെ ജോയിന്റ് ഡയറക്ടർക്കും ജനുവരി 15നകം കൈമാറേണ്ടതാണ്. ഗ്രാമ സ്പോർട്സ് കൗൺസിലിലെ അംഗങ്ങളുടെ വിവരം ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി വഴി സംസ്ഥാന സ്പോർട്സ് കൗൺസിലിന് കൈമാറണം. മുനിസിപ്പാലിറ്റകളിലെയും കോർപ്പറേഷനിലെയും വിവരങ്ങൾ ശേഖരിക്കുന്ന ഉദ്യോഗസ്ഥർ അവ സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് കൈമാറുകയും വേണമെന്ന് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ നിർദേശിച്ചു.

കായികവകുപ്പ് മന്ത്രി വി അബ്ദുറഹിമാന്റേയും തദ്ദേശവകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്ററുടേയും സാന്നിധ്യത്തിൽ നടന്ന യോഗ തീരുമാനപ്രകാരമാണ് തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കുന്നത്.



കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച ചടങ്ങിൽ സാംസ്കാരിക മന്ത്രി സജി ചെറിയാൻ കവി ഏഴാച്ചേരി രാമചന്ദ്രനെ പൊന്നാടയണിയിച്ച് ആദരിക്കുന്നു

# ഇന്ത്യ ലോകത്തിലെ രണ്ടാമത്തെ വലിയ സ്റ്റാർട്ടപ്പ് ഹബ്ബ്: പ്രധാനമന്ത്രി

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് കാൺപൂരിലെ ഐഐടിയുടെ 54ാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കുകയും ഇൻഹൗസ് ബ്ലോക്ക് ചെയിൻഡ്രൈവൺ ടെക്നോളജി വഴി ഡിജിറ്റൽ ബിരുദങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികളെയും അധ്യാപകരെയും അഭിസംബോധന ചെയ്തുകൊണ്ട്, നഗരത്തിന് മെട്രോ സൗകര്യം ലഭിക്കുന്നതിനാൽ ഇന്ന് കാൺപൂരിന് മഹത്തായ ദിവസമാണെന്നും പാസ് ഔട്ട് ആയ വിദ്യാർത്ഥികളുടെ രൂപത്തിൽ കാൺപൂർ ലോകത്തിന് വിലപ്പെട്ട സമ്മാനം നൽകുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. പ്രശസ്തമായ സ്ഥാപനത്തിലെ വിദ്യാർത്ഥികളുടെ യാത്രയെ കുറിച്ച് സംസാരിക്കവേ, കാൺപൂർ ഐഐടിയിൽ നിന്ന് പ്രവേശനത്തിനും പാസാകുന്നതിനും ഇടയിൽ പ്രധാനമന്ത്രി പറഞ്ഞു, "നിങ്ങൾക്ക് നിങ്ങളിൽ തന്നെ വലിയ മാറ്റം അനുഭവപ്പെടുന്നുണ്ടാകണം. ഇവിടെ വരുന്നതിന് മുമ്പ് അജ്ഞാത ഭയമോ അജ്ഞാത അന്വേഷണമോ ഉണ്ടായിരുന്നിരിക്കണം. ഇപ്പോൾ അജ്ഞാതമായ ഭയമില്ല, ഇപ്പോൾ നിങ്ങൾക്ക് ലോകം മുഴുവൻ പര്യവേക്ഷണം ചെയ്യാനുള്ള ധൈര്യമുണ്ട്. ഇപ്പോൾ അജ്ഞാതരുടെ അന്വേഷണമില്ല, ഇപ്പോൾ അത് മികച്ചത് അന്വേഷിക്കുന്നു, ലോകത്തെ മുഴുവൻ ആധിപത്യം സ്ഥാപിക്കാൻ സ്വപ്നം കാണുന്നു," അദ്ദേഹം പറഞ്ഞു.

കാൺപൂരിന്റെ ചരിത്രപരവും സാമൂഹികവുമായ പൈതൃകത്തെ പരാമർശിച്ചുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു, ഇത്രയും വൈവിധ്യമാർന്ന ഇന്ത്യയിലെ ചുരുക്കം ചില നഗരങ്ങളിലൊന്നാണ് കാൺപൂർ. "സത്തി ചൗരാ ഘട്ട് മുതൽ മദാരി പാസി വരെ, നാനാ സാഹെബ് മുതൽ ബട്ടുകേശ്വർ ദത്ത് വരെ, ഈ നഗരം സന്ദർശിക്കുമ്പോൾ, നാം ആ മഹത്തായ ഭൂതകാലത്തിലേക്ക് സഞ്ചരിക്കുകയും സ്വാതന്ത്ര്യ സമരത്തിന്റെ ത്യാഗത്തിന്റെ മഹത്വം സ്പർശിക്കുകയും ചെയ്യുന്നതായി തോന്നുന്നു," പ്രധാനമന്ത്രി അനുസ്മരിച്ചു.

വിജയിക്കുന്ന വിദ്യാർത്ഥികളുടെ ജീവിതത്തിന്റെ ഇന്നത്തെ ഘട്ടത്തിന്റെ പ്രാധാന്യം പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. 1930 കളുടെ കാലഘട്ടം എടുത്ത് അദ്ദേഹം വിശദീകരിച്ചു. "അന്ന് 2025 വയസ്സ് പ്രായമുള്ള ചെറുപ്പക്കാർ 1947 വരെ, സ്വാതന്ത്ര്യത്തിന്റെ നേട്ടം വരെ ഒരു യാത്ര നടത്തിയിരിക്കണം. അതായിരുന്നു അവരുടെ ജീവിതത്തിലെ സുവർണ്ണ കാലഘട്ടം. അതേ സുവർണ്ണ കാലഘട്ടത്തിലേക്കാണ് ഇന്ന് നിങ്ങളും ചുവടുവെക്കുന്നത്. ഇത് രാഷ്ട്രത്തിന്റെ അമൃത് കാല് പോലെ, നിങ്ങളുടെ ജീവിതത്തിന്റെ അമൃത് കാലാണ്,' അദ്ദേഹം പറഞ്ഞു.

കാൺപൂർ ഐഐടിയുടെ നേട്ടങ്ങളെക്കുറിച്ച് പരാമർശിച്ച പ്രധാനമന്ത്രി, നിലവിലെ സാങ്കേതിക രംഗം ഇന്ന് പ്രൊഫഷണലുകൾക്ക് നൽകുന്ന സാധ്യതകളെക്കുറിച്ച് വിശദീകരിച്ചു. അക, ലില്യഴ്യ ർജ്ജം, കാലാവസ്ഥാ പരിഹാരങ്ങൾ, ആരോഗ്യ പരിഹാരങ്ങളിലെ സാങ്കേതികവിദ്യ, ദുരന്തനിവാരണം തുടങ്ങിയ മേഖലകളുടെ വ്യാപ്തി സൂചിപ്പിച്ചുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു, "ഇവ നിങ്ങളുടെ മാത്രം ഉത്തരവാദിത്തങ്ങൾ മാത്രമല്ല, നിരവധി തലമുറകളുടെ സ്വപ്നങ്ങളാണ്, അവ നിറവേറ്റാനുള്ള ഭാഗ്യം നിങ്ങൾക്കുണ്ട്. ഈ കാലയളവ് അഭിലാഷ ലക്ഷ്യങ്ങൾ തീരുമാനിക്കുന്നതിനും അവ നേടിയെടുക്കാൻ നിങ്ങളുടെ എല്ലാ ശക്തിയും ഉപയോഗിച്ച് പരിശ്രമിക്കുന്നതിനുമുള്ളതാണ്.

21ാം നൂറ്റാണ്ട് പൂർണമായും സാങ്കേതികവിദ്യയാൽ നയിക്കപ്പെടുകയാണെന്ന് പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. ഈ ദശാബ്ദത്തിലും സാങ്കേതികവിദ്യ വിവിധ മേഖലകളിൽ അതിന്റെ ആധിപത്യം വർദ്ധിപ്പിക്കാൻ പോകുന്നു. സാങ്കേതികവിദ്യയില്ലാത്ത ജീവിതം ഇപ്പോൾ ഒരു തരത്തിൽ അപൂർണ്ണമായിരിക്കും. ജീവിതത്തിന്റെയും സാങ്കേതികവിദ്യയുടെയും മത്സരത്തിന്റെ ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികൾ തീർച്ചയായും മുന്നോട്ട് വരുമെന്ന് അദ്ദേഹം ആശംസിച്ചു. ദേശീയ മാനസികാവസ്ഥയെക്കുറിച്ചുള്ള തന്റെ വായന പ്രധാനമന്ത്രി വിദ്യാർത്ഥികളെ അറിയിച്ചു. അദ്ദേഹം പറഞ്ഞു, "ഇന്ന്, രാജ്യത്തിന്റെ ചിന്തയും മനോഭാവവും നിങ്ങളുടേതിന് തുല്യമാണ്. നേരത്തെ, ക്രിയാത്മകമായ പ്രവർത്തനമായിരുന്നു ചിന്തയെങ്കിൽ, ഇന്ന് ചിന്ത പ്രവർത്തനവും ഫലാധിഷ്ഠിതവുമാണ്. നേരത്തെ, പ്രശ്നങ്ങളിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചിരുന്നെങ്കിൽ, ഇന്ന് പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ദൃഢനിശ്ചയങ്ങളാണ് എടുക്കുന്നത്.

സ്വാതന്ത്ര്യത്തിന്റെ 25ാം വാർഷികം മുതൽ രാഷ്ട്ര നിർമ്മാണത്തിനായി ഉപയോഗിക്കേണ്ടിയിരുന്ന, നഷ്ടമായ സമയത്തെക്കുറിച്ച് പ്രധാനമന്ത്രി വിലപിച്ചു. "രാജ്യത്തിന്റെ സ്വാതന്ത്ര്യം 25 വർഷം തികഞ്ഞപ്പോൾ , അപ്പോഴേക്കും നാം സ്വന്തം കാലിൽ നിൽക്കാൻ ഒരുപാട് കാര്യങ്ങൾ ചെയ്തിരിക്കണം. അതിനുശേഷം വളരെ വൈകി, രാജ്യത്തിന് ഒരുപാട് സമയം നഷ്ടപ്പെട്ടു. അതിനിടയിൽ 2 തലമുറകൾ കടന്നുപോയി. അതിനാൽ നമുക്ക് 2 നിമിഷം പോലും നഷ്ടപ്പെടാനില്ല , "അദ്ദേഹം പറഞ്ഞു.

തനിക്ക് അക്ഷമയുണ്ടെന്ന് തോന്നുന്നതെങ്കിൽ, അത് പാസ്സായിപ്പോകുന്ന വിദ്യാർത്ഥികളും "അതുപോലെ തന്നെ സ്വാശ്രയ ഇന്ത്യക്കായി അക്ഷമരാകണമെന്നാണ് താൻ ആഗ്രഹിക്കുന്നതെന്നും" പ്രധാനമന്ത്രി പറഞ്ഞു.

നാം ആരെയും ആശ്രയിക്കാത്ത സമ്പൂർണ്ണ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാന രൂപമാണ് സ്വാശ്രയ ഇന്ത്യ. സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട് ഓരോ രാജ്യത്തിനും നൽകാനുള്ള സന്ദേശമുണ്ട്, നിറവേറ്റാൻ ഒരു ദൗത്യമുണ്ട്, എത്തിച്ചേരാൻ ഒരു വിധിയുണ്ട്. നാം സ്വാശ്രയരായില്ലെങ്കിൽ , നമ്മുടെ രാജ്യം എങ്ങനെ അതിന്റെ ലക്ഷ്യങ്ങൾ നിറവേറ്റും, എങ്ങനെ ലക്ഷ്യസ്ഥാനത്ത് എത്തും, പ്രധാനമന്ത്രി ചോദിച്ചു .

അടൽ ഇന്നൊവേഷൻ മിഷൻ, പ്രധാനമന്ത്രി റിസർച്ച് ഫെലോഷിപ്പുകൾ, ദേശീയ വിദ്യാഭ്യാസ നയം തുടങ്ങിയ സംരംഭങ്ങളിലൂടെ പുതിയ ഗുണവിശേഷവും പുതിയ അവസരങ്ങളും സൃഷ്ടിക്കപ്പെടുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ബിസിനസ്സ് ചെയ്യാനുള്ള സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെയും പോളിസി തടസ്സങ്ങൾ നീക്കം ചെയ്തതിന്റെയും ഫലങ്ങൾ വ്യക്തമായി കാണാം. സ്വാതന്ത്ര്യത്തിന്റെ 75ാം വർഷത്തിൽ ഇന്ത്യയിൽ 75ലധികം യൂണികോണുകളും 50,000ത്തിലധികം സ്റ്റാർട്ടപ്പുകളുമുണ്ടെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഇതിൽ 10,000 എണ്ണം കഴിഞ്ഞ 6 മാസത്തിനുള്ളിൽ മാത്രമാണ് വന്നത്. ഇന്ന് ഇന്ത്യ ലോകത്തിലെ രണ്ടാമത്തെ വലിയ സ്റ്റാർട്ടപ്പ് ഹബ്ബായി മാറിയിരിക്കുന്നു. ഐഐടികളിൽ നിന്നുള്ള യുവാക്കൾ നിരവധി സ്റ്റാർട്ടപ്പുകൾ ആരംഭിച്ചിട്ടുണ്ട്.

രാജ്യത്തിന്റെ ആഗോളനിലവാരത്തിലേക്ക് വിദ്യാർത്ഥികൾ സംഭാവന നൽകണമെന്ന തന്റെ ആഗ്രഹം പ്രധാനമന്ത്രി അറിയിച്ചു. ഇന്ത്യൻ കമ്പനികളും ഇന്ത്യൻ ഉൽപ്പന്നങ്ങളും ആഗോളമാകുന്നത് ഏത് ഇന്ത്യക്കാരനും ആഗ്രഹിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. ഐഐടികളെ അറിയുന്ന, ഇവിടുത്തെ കഴിവുകളെ അറിയുന്ന, ഇവിടുത്തെ പ്രൊഫസർമാരുടെ കഠിനാധ്വാനത്തെ അറിയുന്ന ഒരാൾ, ഈ ഐഐടിയിലെ യുവാക്കൾ തീർച്ചയായും അത് ചെയ്യുമെന്ന് വിശ്വസിക്കുന്നു.

വെല്ലുവിളികൾക്ക് പകരം സുഖസൗകര്യങ്ങൾ തിരഞ്ഞെടുക്കരുതെന്ന് പ്രധാനമന്ത്രി വിദ്യാർത്ഥികളെ ഉപദേശിച്ചു. കാരണം, പ്രധാനമന്ത്രി പറഞ്ഞു, "നിങ്ങൾ ആഗ്രഹിച്ചാലും ഇല്ലെങ്കിലും ജീവിതത്തിൽ വെല്ലുവിളികൾ ഉണ്ടാകും. അവരിൽ നിന്ന് ഒളിച്ചോടുന്നവർ അവരുടെ ഇരകളായിത്തീരുന്നു. എന്നാൽ നിങ്ങൾ വെല്ലുവിളികൾ തേടുകയാണെങ്കിൽ, നിങ്ങൾ വേട്ടക്കാരനും വെല്ലുവിളി വേട്ടയാടപ്പെട്ടവനുമാണ്.

വ്യക്തിപരമായ വശങ്ങളെ കുറിച്ച് പരാമർശിക്കവെ , വിദ്യാർത്ഥികളിൽ സംവേദനക്ഷമത, ജിജ്ഞാസ, ഭാവന, സർഗ്ഗാത്മകത എന്നിവ സജീവമായി നിലനിർത്താൻ പ്രധാനമന്ത്രി ഉപദേശിച്ചു, കൂടാതെ ജീവിതത്തിന്റെ സാങ്കേതികമല്ലാത്ത വശങ്ങളോട് സംവേദനക്ഷമതയുള്ളവരായിരിക്കാൻ അവരോട് ആവശ്യപ്പെട്ടു.

'സന്തോഷവും ദയയും പങ്കിടുമ്പോൾ, ഒരു പാസ്വേഡും സൂക്ഷിക്കരുത്, തുറന്ന ഹൃദയത്തോടെ ജീവിതം ആസ്വദിക്കൂ' അദ്ദേഹം പറഞ്ഞു.

# അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നതിന് രണ്ടു വാക്സിനുകൾകൂടി

ന്യൂഡൽഹി: സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ കോവോവാക്സിനും ബയോളജിക്കൽ ഇ (ബയോ ഇ)യുടെ കോർബി വാക്സിനും അടിയന്തര ഉപയോഗത്തിന് അനുമതി നൽകി കേന്ദ്ര ഡ്രഗ് കൺട്രോളേഴ്സ് അഥോറിറ്റി. ബൂസ്റ്റർ ഡോസുകളായി പുതിയ വാക്സിനുകൾ പരിഗണിക്കുമെന്നും വിവരങ്ങളുണ്ട്.

ഇതിനു പുറമേ അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നതിന് അമേരിക്കൻ കന്പനിയായ മെർക്ക് ഫാർമസ്യൂട്ടിക്കൽസിൻറെ ആൻറിവൈറൽ ക്യാപ്സൂൾ മോൾനുപിറാവിറിനും അനുമതിയുണ്ട്. കോവിഡ് ബാധിച്ച് രക്തത്തിലെ ഓക്സിജൻറെ അളവ് ക്രമാതീതമായി കുറയുകയോ രോഗി മരിക്കുന്നതിനുള്ള സാധ്യത ഉടലെടുക്കുകയോ ചെയ്താൽ മാത്രമേ ഈ ക്യാപ്സൂൾ ഉപയോഗിക്കുന്നതിന് അനുമതിയുള്ളൂ. 18 വയസിനു മുകളിലുള്ളവർക്കേ നല്കാവൂ.

അമേരിക്കൻ കന്പനിയായ നോവോ വാക്സിൻറെ സാങ്കേതിക സഹായത്തോടെ പൂന ആസ്ഥാനമായി പ്രവർത്തിക്കുന്ന സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ വികസിപ്പിച്ച കോവോവാക്സിന് ലോകാരോഗ്യ സംഘടനയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ബയോ ഇ യുടെ സ്പൈക്ക് പ്രോട്ടീൻ വാക്സിനായ കോർബിവാക്സിൻറെ ട്രയൽ പരീക്ഷണത്തിൻറെ ഫലങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഡ്രഗ് അഥോറിറ്റിയുടെ വിദഗ്ധ സാങ്കേതികസമിതി, അത്യാവശ്യഘട്ടങ്ങളിൽ നിയന്ത്രണങ്ങളോടെ ഉപയോഗിക്കുന്നതിന് അനുമതി നൽകുകയായിരുന്നു. കോർബിവാക്സിൻ ആദ്യ ഡോസ് സ്വീകരിച്ച് 28 ദിവസത്തിനുള്ളിൽ രണ്ടാം ഡോസും സ്വീകരിക്കണം.

പുതിയ രണ്ടു വാക്സിനുകളും ഉൾപ്പെടെ രാജ്യത്ത് എട്ടു വാക്സിനുകൾക്കാണ് അടിയന്തര ഉപയോഗത്തിന് അനുമതിയുള്ളത്. ജനിതക സാങ്കേതിക വിദ്യയിലൂടെ വികസിപ്പിച്ചെടുത്ത മോൾനുപിറാവിർ കൊറോണ വൈറസ് ശരീരത്തിൽ പെരുകുന്നത് തടയുന്നു. ഡോക്ടർമാരുടെ നിർദേശ പ്രകാരം മാത്രമേ മരുന്ന് രോഗികൾക്ക് നൽകുന്നതിന് അനുമതിയുള്ളു. ഡോ: റെഡ്ഡി ലബോറട്ടറി, നാറ്റ്കോ ഫാർമ, സിപ്ല, സൺ ഫാർമ എന്നിങ്ങനെ 13 കന്പനികൾക്ക് മോൾനുപിറാവിർ നിർമിക്കുന്നതിനുള്ള അനുമതിയുണ്ട്.

# ഒമിക്രോൺ ഭീതിയിൽ ഡൽഹി; കർശന നിയന്ത്രണം

ന്യൂഡൽഹി: ഒമിക്രോൺ ഉൾപ്പെ ടെ കോവിഡ് കേസുകൾ പെരുകുന്നതിനാൽ ഡൽഹിയിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. യെല്ലോ അലർട്ട് പ്രഖ്യാപിച്ച തലസ്ഥാനത്ത് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. കടകളുടെയും മാർക്കറ്റുകളുടെയും പ്രവർത്തനങ്ങൾക്കും നിയന്ത്രണമുണ്ട്.

പ്രഖ്യാപിച്ച ഉടൻതന്നെ നിയന്ത്രണങ്ങൾ നടപ്പിലായിക്കഴിഞ്ഞു എന്നും സർക്കാർ വ്യക്തമാക്കി. കോവിഡ് കേസുകൾ വർധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനം കടുത്ത നിയന്ത്രണങ്ങളിലേക്കു കടക്കുകയാണെന്ന് മുഖ്യമന്ത്രി അരവിന്ദ് കേജരിവാൾ പ്രഖ്യാപിച്ചതിനു പിന്നാലെ ഇതു സംബന്ധിച്ച മാർഗനിർദേശങ്ങളും പുറത്തിറങ്ങി.

രാത്രി പത്തു മുതൽ പുലർച്ചെ അഞ്ചു വരെ കർഫ്യൂ.

സ്കൂളുകളും കോളജുകളും അടച്ചിടും

ആശുപത്രികൾ, മാധ്യമങ്ങൾ, ബാങ്കുകൾ, ഇൻഷ്വറൻസ് കന്പനികൾ, ടെലികോം സർവീസുകൾ ഒഴികെ സ്വകാര്യ സ്ഥാപനങ്ങളിൽ 50% ശതമാനം ജീവനക്കാർ മാത്രം.

വിവാഹങ്ങൾക്കും മരണാനന്തര ചടങ്ങുകൾക്കും 20 പേർക്കു മാത്രം അനുമതി.

വിവാഹം വീടുകളിലോ രജിസ്ട്രേഷൻ ഓഫീസിലോ വച്ചു മാത്രമേ നടത്താവൂ.

ആരാധനാലയങ്ങൾ തുറന്നുകിടക്കുമെങ്കിലും സന്ദർശകരെ അനുവദിക്കില്ല. മാളുകളും കടകളും ഒറ്റഇരട്ട അക്ക നന്പറുകളുടെ അടിസ്ഥാനത്തിൽ ഒന്നിടവിട്ട ദിവസങ്ങളിൽ രാവിലെ പത്തു മുതൽ രാത്രി എട്ടു മണി വരെ മാത്രം പ്രവർത്തിക്കാം

ഒറ്റപ്പെട്ട കടകൾക്കും റെസിഡൻഷ്യൽ കോളനികളിലെ ചെറിയ സ്ഥാപനങ്ങൾക്കും നിയന്ത്രണങ്ങൾ ബാധകമല്ല.

സിനിമ തിയറ്ററുകൾ, ജിമ്മുകൾ എന്നിവ വീണ്ടും അടച്ചിടും

റസ്റ്ററൻറുകളും ബാറുകളും രാത്രി പത്തിനുശേഷം പ്രവർത്തിക്കില്ല.

ഡൽഹി മെട്രോയിൽ 50% യാത്രക്കാർക്കു മാത്രം അനുമതി.

സലൂണുകളും ബാർബർ ഷോപ്പുകളും പാർലറുകളും പ്രവർത്തിക്കാം. സ്പാകൾക്കും വെൽനസ് ക്ലിനിക്കുകൾക്കും അനുമതിയില്ല.

രാഷ്ട്രീയ, സാംസ്കാരിക, സാമുദായിക കൂടിച്ചേരലുകൾക്കും ഉത്സവങ്ങൾക്കും അനുമതിയില്ല.

പബ്ലിക് പാർക്കുകൾ തുറക്കും. എന്നാൽ, പിക്നിക്കോ മറ്റു കൂടിച്ചേരലുകളോ അനുവദിക്കില്ല.

ആറു മാസത്തിനുള്ളിൽ ഇന്നലെ ഒറ്റ ദിവസം 496 കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്തതോടെയാണ് ഡൽഹിയിൽ നിയന്ത്രണങ്ങൾ കടുപ്പിച്ചത്.

# ഏഴാച്ചേരി കവിതയെ സാംസ്കാരിക ആയുധമാക്കിയ എഴുത്തുകാരൻ: മന്ത്രി സജി ചെറിയാൻ

കേരളത്തിലെ പുരോഗമന രാഷ്ട്രീയ സാമൂഹിക ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയ കവിയും പ്രാസംഗികനുമാണ് ഏഴാച്ചേരി രാമചന്ദ്രനെന്ന് മന്ത്രി സജി ചെറിയാൻ.

കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ ഏഴാച്ചേരി രാമചന്ദ്രന്റെ 'വെർജീനിയൻ ദിനങ്ങൾ', ഡോ. സി. ഉണ്ണികൃഷ്ണൻ രചിച്ച 'ഏഴാച്ചേരി കലഹ കലയുടെ ഗന്ധമാദനം' എന്നീ പുസ്തകങ്ങളുടെ പ്രകാശനം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ചടങ്ങിൽ പൊന്നാടയണിയിച്ച് ഏഴാച്ചേരി രാമചന്ദ്രനെ മന്ത്രി ആദരിച്ചു. ഏഴാച്ചേരിയെ പോലെ കവിതയെ സാംസ്കാരിക ആയുധമായി കണ്ട് സാമൂഹിക മാറ്റത്തിന് ചാലക ശക്തികളായി മാറാൻ കഴിവുള്ള കവികളുടെ എണ്ണം കുറഞ്ഞുവരികയാണെന്ന് മന്ത്രി പറഞ്ഞു. തനിക്ക് വ്യക്തിപരമായും, കവിതയിലും, തൊഴിൽ സംബന്ധമായും വിവിധങ്ങളായ ഉപദേശം നൽകിയ വ്യക്തിയാണ് ഏഴാച്ചേരിയെന്ന്

പുസ്തകങ്ങൾ ഏറ്റുവാങ്ങിയ കവി പ്രഭാവർമ്മ പറഞ്ഞു. തനിക്ക് നൽകുന്ന പിന്തുണയ്ക്ക് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനോട് ഏഴാച്ചേരി രാമചന്ദ്രൻ നന്ദി പറഞ്ഞു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി. കാർത്തികേയൻ നായർ, റിസർച്ച് ഓഫീസർ ഡോ. അപർണ എസ്. കുമാർ, കേരള സാഹിത്യ അക്കാദമി നിർവാഹകസമിതി അംഗം പ്രൊഫ. വി.എൻ. മുരളി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ വൈസ് ചെയർമാൻ വിനോദ് വൈശാഖി, ഡോ. സി.ഉണ്ണികൃഷ്ണൻ, ഡോ. എം.എ. സിദ്ദിഖ് എന്നിവർ പങ്കെടുത്തു.

## ക്ഷീര കർഷകർക്ക് പെൻഷൻ മുൻകൂർ നല്കും

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് ക്രിസ്തുമസ് പ്രമാണിച്ച് ഡിസംബർ മാസത്തെ പെൻഷൻ മുൻകൂർ അനുവദിച്ചു.

54688 പേർക്ക് 9,08,36,800 രൂപ അനുവദിച്ചതിൽ 7,59,46,000 രൂപ സർക്കാർ വിഹിതവും, 1,48,90,800 രൂപ ക്ഷേമനിധി വിഹിതവുമാണ്. 17802 കർഷകർ പുതിയതായി രജിസ്റ്റർ ചെയ്തു.

നിലവിൽ പെൻഷൻ വാങ്ങുന്നവരുൾപ്പെടെ 362911 അംഗങ്ങളാണുള്ളത്.

# പ്രതിരോധ വാക്സിൻ എല്ലാവരും സ്വീകരിക്കണം: ജില്ലാ കളക്ടർ

കോവിഡ് പ്രതിരോധ വാക്സിൻ എടുത്തിട്ടില്ലാത്തവർ എത്രയും പെട്ടന്ന് വാക്സിൻ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ അഫ്സാന പർവീൺ പറഞ്ഞു. അടിസ്ഥാനരഹിതമായ ആശങ്കകൾ കൊണ്ട് കുത്തി വയ്പ്പ് എടുക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കണമെന്നും കളക്ടർ പറഞ്ഞു.

ജില്ലയിൽ വാക്സിൻ സ്വീകരിച്ച ശേഷം കോവിഡ് വന്നവർക്ക് ഫലപ്രദമായി രോഗം പ്രതിരോധിക്കാൻ കഴിഞ്ഞതായാണ് കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. ഇവരിൽ രോഗത്തിന്റെ തീവ്രതയും മരണ നിരക്കും കുറവായിരുന്നു.

ഒക്ടോബറിൽ ജില്ലയിൽ 17,424 പേർക്ക് രോഗം സ്ഥിരീകരിച്ചപ്പോൾ അതിൽ 1,455 പേർ മാത്രമാണ് വാക്സിനെടുത്തവരുണ്ടായിരുന്നത്. ഇവർക്ക് ലഘുവായ രോഗ ലക്ഷണങ്ങളാണ് ഉണ്ടായത്.

ഇക്കാലയളവിൽ മരണമടഞ്ഞ 278 പേരിൽ അഞ്ച് പേർ മാത്രമാണ് കുത്തി വയ്പ്പ് എടുക്കാതിരുന്നവർ. ഈ അഞ്ച് പേർ മറ്റ് ആരോഗ്യപ്രശ്നങ്ങൾ ഉള്ളവരായിരുന്നു. ഈ വസ്തുതകളും പുതിയ കോവിഡ് തരംഗമുണ്ടാകാനുള്ള സാധ്യതയും കണക്കിലെടുത്ത് എല്ലാവരും വാക്സിൻ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് കളക്ടർ പറഞ്ഞു.

പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നതിന്: അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ വാക്സിനെടുക്കാം.

ആധാർ കാർഡുമായെത്തുന്നവർക്ക് സ്പോട്ട് രജിസ്ട്രേഷൻ നടത്തിയ ശേഷം വാക്സിനെടുക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

## ട്രേഡ്സ്മാൻ ഒഴിവ്: അഭിമുഖം നാലിന്

തിരുവനന്തപുരം ബാർട്ടൺഹിൽ സർക്കാർ എൻജിനിയറിങ് കോളജിൽ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിങ് വിഭാഗത്തിൽ ഇലക്ട്രിക്കൽ ട്രേഡിൽ ദിവസ വേതനാടിസ്ഥാനത്തിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനത്തിന് ജനുവരി നാലിനു രാവിലെ 10ന് അഭിമുഖം നടത്തും.

ഐടിഐ, ഡിപ്ലോമ ഇൻ ഇലക്ട്രിക്കൽ എൻജിനീയറിങ് യോഗ്യതയുള്ളവർക്കു പങ്കെടുക്കാം.

കോളജിലെ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിങ് വകുപ്പിലാണ് അഭിമുഖം.

കൂടുതൽ വിവരങ്ങൾക്ക് 0471 2300484.

# മത്സ്യത്തൊഴിലാളി അംഗത്വ രജിസ്ട്രേഷന് ഓൺലൈൻ പോർട്ടൽ

മത്സ്യബന്ധനവും അനുബന്ധ പ്രവൃത്തികളും മുഖ്യ തൊഴിലാക്കിയവർക്കു സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ഇനി ഓൺലൈനായി സമർപ്പിക്കാം. ഇതിനുള്ള ഓൺലൈൻ പോർട്ടൽ ാാാ.ളശാ.സലൃമഹമ.ഴീ.ശി ഫിഷറീസ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (എഫ്.ഐ.എം.എസ്) എന്ന ഡാറ്റ ബേസിൽപ്പെടുത്തിയാണ് ഓൺലൈൻ പോർട്ടലിനു രൂപംനൽകിയത്.

ഓൺലൈനായി അപേക്ഷ നൽകുമ്പോൾത്തന്നെ അപേക്ഷകനു ടോക്കൺ നമ്പർ ലഭിക്കും. ഇതിനൊപ്പം അപേക്ഷയുടെ പ്രിന്റൗട്ട് എടുത്തു സൂക്ഷിക്കുകയും ചെയ്യാം. ടോക്കൺ നമ്പർ ഉപയോഗിച്ച് അപേക്ഷയുടെ നിലവിലെ സ്ഥിതി സ്വയം പരിശോധിക്കാം. 2022 ജനുവരി ഒന്നു മുതൽ സ്വീകരിക്കുന്ന അനുബന്ധ മത്സ്യത്തൊഴിലാളി രജിസ്ട്രേഷൻ അപേക്ഷ ഉൾപ്പെടെ കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡിലെ അംഗത്വത്തിനുള്ള എല്ലാ അപേക്ഷയും ഇനി മുതൽ ഓൺലൈനായി സമർപ്പിക്കാം.

## സോളാർ പവർ പ്ലാന്റ് അറ്റകുറ്റപ്പണി കരാർ

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്ഥാപിച്ച സോളാർ പവർ പ്ലാന്റുകൾക്ക് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് അനുവദിക്കുന്നതിന് മൂന്നു വർഷത്തെ പ്രവൃത്തിപരിചയമുള്ള സർക്കാർ അക്രഡറ്റിഡ് സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: 04712304594.

## താലൂക്ക് വികസന സമിതി യോഗം ജനുവരി ഒന്നിന്

താലൂക്ക് വികസന സമിതി യോഗം ജനുവരി ഒന്നിന് രാവിലെ 11 മണിക്ക് താലൂക്ക് ഓഫീസ് ലൈബ്രറി ഹാളിൽ ചേരും.

## ഡെത്ത് ഡിക്ലറേഷൻ ഡോക്യുമെന്റ് കൈപ്പറ്റണം

കോവിഡ് ബാധിച്ച് മരിച്ചവരുടെ ഡെത്ത് ഡിക്ലറേഷൻ ഡോക്യുമെന്റ് താമസ സ്ഥലം ഉൾപ്പെടുന്ന പ്രദേശത്തെ അർബൻ പ്രാഥമികാരോഗ്യ കേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ നിന്ന് കൈപ്പറ്റാമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ബിന്ദു മോഹൻ അറിയിച്ചു.

# കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻഡ് വിനിയോഗം; ജനുവരി 28 നകം അപ്ലോഡ് ചെയ്യണം: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 202223 വർഷത്തെ പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻഡ് വിനിയോഗം സംബന്ധിച്ച ഉപപദ്ധതികൾ തയാറാക്കി ജനുവരി 28നകം ഇഗ്രാം സ്വരാജ് പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ടിന്റെയും മെയിന്റനൻസ് ഫണ്ടിന്റെയും വിശദാംശങ്ങൾ സംസ്ഥാന ബജറ്റിലൂടെ വ്യക്തമാക്കുന്നതിനെ തുടർന്ന് വാർഷിക പദ്ധതി അന്തിമമാക്കുന്ന രീതിയാണ് കേരളത്തിൽ അനുവർത്തിച്ചുവരുന്നത്.

എന്നാൽ, ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ 202223 വർഷത്തെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻഡ് വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ 2022 ജനുവരി അവസാനത്തോടെ ഇഗ്രാംസ്വരാജ് പോർട്ടലിലേക്ക് അപ്ലോഡ് ചെയ്യണമെന്നാണ് കേന്ദ്രസർക്കാർ നിർദ്ദേശം.

അതിനാലാണ് പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻഡ് വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ മാത്രമായി ഇപ്പോൾ പ്രത്യേകമായി തയ്യാറാക്കേണ്ട സാഹചര്യം ഉണ്ടായതെന്ന് മന്ത്രി വ്യക്തമാക്കി.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻഡ് ഉപയോഗിച്ചുള്ള പദ്ധതികൾക്ക് പ്രത്യേക വികസന സെമിനാർ ഡിസംബറിൽ ചേരണം.

സംസ്ഥാനത്ത് ഗ്രാമസഭകൾ വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനാൽ പഞ്ചായത്ത് തലത്തിൽ നടത്തുന്ന വികസന സെമിനാറിനെ ഗ്രാമസഭയായി പരിഗണിക്കാമെന്നും മന്ത്രി പറഞ്ഞു.



മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട അദാലത്തിൽ ഫിഷറീസ് മന്ത്രി സജി ചെറിയാൻ, ഗതാഗത മന്ത്രി ആന്റണി രാജു എന്നിവർ പരാതികൾ കേൾക്കുന്നു

# ഇത്തവണയും വിദേശികളില്ലാത്ത പുതുവത്സരാഘോഷം

വിഴിഞ്ഞം: വിദേശികളില്ലാത്ത പുതുവർഷത്തിന് ഇക്കുറിയും വിനോദസഞ്ചാര മേഖല സാക്ഷിയാകും. ഒമിക്രോൺ വ്യാപനത്തെ തുടർന്ന് കേരളത്തിലേക്ക് വരാൻ തീരുമാനിച്ച സഞ്ചാരികൾ കൂട്ടത്തോടെ പിൻ വാങ്ങി. ഹോട്ടലുകളിലെയും ആയുർവേദ കേന്ദ്രങ്ങളിലെയും ബുക്കിംഗുകൾ പിൻവലിച്ചത് തുടർച്ചയായ മൂന്നാം വർഷവും ടൂറിസം മേഖലക്ക് വൻ തിരിച്ചടി നൽകി.

കോവിഡ് വ്യാപനത്തിന് നേരിയ ശമനമുണ്ടായതോടെ ബ്രിട്ടൺ, റഷ്യ, ഫ്രാൻസ് ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ നിന്നുള്ള നൂറ് കണക്കിന് സഞ്ചാരികൾ സീസണിൽ എത്തുമെന്ന് നേരത്തെ അറിയിച്ചിരുന്നു. വിമാനങ്ങളിൽ പറന്നിറങ്ങുന്നസഞ്ചാരികളെ എതിരേൽക്കാനുള്ള തയ്യാറെടുപ്പുകൾ ഹോട്ടലുകൾ നടത്തുന്നതിനിടയിലാണ് ലോകം ഒമിക്രോൺ ഭീതിയിലായത്.ഇതോടെ യാത്ര മാറ്റി വച്ചതായും പിൻവാങ്ങുന്നതായുള്ള അറിയിപ്പുകൾ സഞ്ചാരികൾ ബന്ധപ്പെട്ടവർക്ക് നൽകി.

വിദേശികളില്ലെങ്കിലും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ വരവ് കൂടിയെങ്കിലും ടൂറിസം മേഖലക്ക് കാര്യമായ പ്രയോജനമില്ലെന്ന് ഇതുമായി ബന്ധപ്പെട്ടവർ പറയുന്നു.

മുൻ കാലത്ത് നവംബർ മുതൽ ആരംഭിക്കുന്ന സീസൺ മാർച്ച് വരെ നീണ്ടു നിൽക്കുകയാണ് പതിവ്.ക്രിസ്മസും പുതുവർഷവും ആഘോഷിക്കാനെത്തുന്ന വിദേശ സഞ്ചാരികളെ കൊണ്ട് കോവളം ഉൾപ്പെടെയുള്ള ബീച്ചുകൾ നിറഞ്ഞിരുന്ന കാലത്തിന് കോവിഡ് വൻ തിരിച്ചടി നൽകി.2019 മുതൽ തുടങ്ങിയ സ്തംഭനത്തിന് മാറ്റം വരുമെന്ന പ്രതിക്ഷയും ഒമിക്രോൺ ഇല്ലാതാക്കി.

ലോക് ഡൗൺ ഇളവുകൾ വന്ന് ബീച്ചുകൾ തുറന്നെങ്കിലും ഒരാഴ്ച മുൻപ് മുതലാണ് സഞ്ചാരികളുടെ തിരക്ക് വർധിച്ചത്.എന്നാൽ കോവളത്ത് എത്തിയ വിദേശിക്ക് രണ്ടാഴ്ച മുൻപ് ഒമിക്രോൺ രോഗം ബാധിച്ചതും പ്രതികൂലമായി.കൂടാതെ രോഗവ്യാപനം കൂടുതലുള്ള സംസ്ഥാനങ്ങളിൽ നിന്നുള്ളവരും യാതൊരു നിയന്ത്രണവുമില്ലാതെ കൂട്ടത്തോടെ വന്നിറങ്ങുന്നതും അധികൃതർക്ക് തലവേദനയായി.

# ചെരുപ്പു ഗോഡൗൺ കത്തി; സമീപം 50 അതിഥി തൊഴിലാളികൾ താമസം, അന്വേഷണം

കോഴിക്കോട്: കോഴിക്കോട് കൊളത്തറയിൽ റഹ്മാൻ ബസാറിൽ വൻ തീപിടിത്തം. ഇവിടുത്തെ ചെരുപ്പു നിർമാണ ഗോഡൗണിനാണ് പുലർച്ചയോടെ തീപിടിച്ചത്. അഗ്നിശമന സേന എത്തി നിയന്ത്രണ വിധേയമാക്കി.

ആറ് ഫയർ എൻജിനുകൾ എത്തിമണിക്കൂറുകൾ നീണ്ട ശ്രമത്തിന് ഒടുവിലാണ് തീ അണച്ചത്. ബിനീഷ് എന്നയാളുടെ ഉടമസ്ഥതയിലുള്ള ചെരുപ്പ് കടയിലാണ് തീപിടിച്ചത്. സമീപം താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾ അടക്കമുള്ളവരെ സുരക്ഷിത സ്ഥാനത്തേക്കു മാറ്റിയിട്ടുണ്ട്. ഷോർട്ട് സർക്യൂട്ട് ആയിരിക്കാം അപകട കാരണം എന്നാണ് പ്രഥമിക വിലയിരുത്തൽ.

ഗോഡൗൺ പൂർണമായും കത്തി നശിച്ചു. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമാണ് ഉണ്ടായത് എന്നാണ് വിലയിരുത്തൽ. അമ്പതോളം ഇതര സംസ്ഥാന തൊഴിലാളികളാണ് ഈ യൂണിറ്റിൽ ജോലിചെയ്യുന്നത്. ഇവർ തീപിടിത്തമുണ്ടായ ഗോഡൗണിനോടു ചേർന്നാണ് താമസിക്കുന്നത്.

ചെരുപ്പ് നിർമാണ സാധനത്തിന് ഉപയോഗിച്ച സാമഗ്രികളും കത്തിനശിച്ചിട്ടുണ്ട്. ചെരുപ്പു നിർമാണത്തിന് ഉപയോഗിക്കുന്ന കെമിക്കൽ വസ്തുക്കൾ ഉൾപ്പെടെ കത്തിനശിച്ചു.

ചെറിയ രീതിയിലുള്ള സ്ഫോടനവും കേട്ടിരുന്നതായി പ്രദേശവാസികൾ പറയുന്നു.

മാർക്ക് എന്ന നിർമാണ കമ്പനിയുടെ യൂണിറ്റാണ് കത്തിനശിച്ചത്. ജനറേറ്റർ ഉൾപ്പെടെയുള്ളവ അതിവേഗം മാറ്റുകയായിരുന്നു.

അതേസമയം, കെമിക്കൽ വസ്തുക്കളും ഓയിലും ഉൾപ്പെടെ പരന്ന അവസ്ഥയായതിനാൽ വിശദമായ അന്വേഷണത്തിലൂടെയേ തീപിടിത്ത കാരണം വ്യക്തമാകൂ.

# സംഗീതനാടക അക്കാദമി ചെയർമാൻ നിയമനത്തിൽ വി.ടി. ബൽറാം

തിരുവനന്തപുരം: കേരള സംഗീത അക്കാദമി ചെയർമാൻ നിയമനത്തിൽ സിപിഎമ്മിനെ പരിഹസിച്ച് കോൺഗ്രസ് നേതാവും മുൻ എം.എൽ.എയുമായ വി.ടി. ബൽറാം. എം.ജി. ശ്രീകുമാറിനെ സംഗീത നാടക അക്കാദമി ചെയർമാനായി നിയമിച്ചതിനെതിരെ ഇടതുപക്ഷത്ത് തന്നെ വിവാദം പുകയുന്നതിനിടയിലാണ് വി.ടി. ബൽറാമിൻറെ ഫേസ്ബുക്ക് പോസ്റ്റ്. ചലച്ചിത്ര അക്കാദമിയിൽ ജീവനക്കാരായി സിപിഎമ്മുകാരെ പിൻവാതിലിലൂടെ നിയമിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് അന്ന് ചെയർമാനായിരുന്ന കമൽ പറഞ്ഞത് അത് അക്കാദമിയുടെ ഇടതുപക്ഷ സ്വഭാവം നിലനിർത്താനാണെന്നാണ്. എന്ത് നിയമവിരുദ്ധതയും നെറികേടും കാണിച്ചാണെങ്കിലും 'ഇടതുപക്ഷ സ്വഭാവം' ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് കരുതുന്ന കേരളത്തിലെ സാംസ്ക്കാരിക പ്രമുഖരാരും ആ അഴിമതി നിയമനങ്ങളെ നേരിയ തോതിൽ പോലും എതിർക്കാൻ തയാറായില്ല.

അതുകൊണ്ടുതന്നെ, ഇന്ന് കേരള സംഗീത നാടക അക്കാദമിയിലേക്കും മറ്റും തലപ്പത്ത് നടത്തിയിരിക്കുന്ന പുതിയ നിയമനങ്ങൾ ഏത് ഇടതുപക്ഷത്തെ ശക്തിപ്പെടുത്താനാണെന്ന് വിശദീകരിക്കേണ്ടത് പിണറായി വിജയനും കൂട്ടരും മാത്രമല്ല, ഇക്കാലമത്രയും 'ഇടതുപക്ഷ'ത്തിന് വേണ്ടി വായിട്ടലച്ചു കൊണ്ടിരുന്ന മുഴുവൻ സാംസ്ക്കാരിക പരാദ ജീവികളുമാണ്.

അതോ, ഇതു തന്നെയാണോ നിങ്ങളൊക്കെ തലയിലേറ്റിനടക്കുന്ന ഈ 'ഇടതുപക്ഷം' ബൽറാം ഫേസ്ബുക്ക് കുറിപ്പിലൂടെ ചോദിച്ചു.

## ആദിവാസി യുവതിയെ പീഡിപ്പിച്ചു; പോലീസുകാരന് സസ്പെൻഷൻ

ഉദയ്പുർ: പീഡിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തെന്ന ആദിവാസി യുവതിയുടെ പരാതിയിൽ പോലീസ് ഉദ്യോഗസ്ഥനെ ജോലിയിൽ നിന്നും സസ്പെൻഡ് ചെയ്തതു. രാജസ്ഥാനിലെ ഉദയ്പുർ ജില്ലയിലാണ് സംഭവം.

ഒരു പെൺകുട്ടിയെ കാണാതായതുമായി ബന്ധപ്പെട്ട സംഭവത്തിൽ പരാതിക്കാരിയായ യുവതിയെയും മാതാപിതാക്കളെയും മറ്റൊരാളെയും കോൺസ്റ്റബിൾ ജിതേന്ദ്രയും പനാർവ പോലീസ് സ്റ്റേഷനിലെ അസിസ്റ്റൻറ് സബ് ഇൻസ്പെക്ടർ രാജ്കുമാറും സ്വകാര്യവാഹനത്തിൽ ഗുജറാത്തിലേക്ക് കൊണ്ടുപോയിരുന്നു.

കാണാതായ പെൺകുട്ടിയെക്കുറിച്ച് ഇവർക്ക് അറിയാമെന്നാണ് പോലീസ് സംശയിച്ചത്. ഗുജറാത്തിലേക്ക് പോകുന്നതിന് മുൻപ് യുവതിയെയും മാതാപിതാക്കളെയും പോലീസ് പോസ്റ്റിൽ താമസിപ്പിച്ചിരുന്നു. ഇവിടെ വച്ചാണ് പീഡനം നടന്നതെന്ന് പെൺകുട്ടി ആരോപിക്കുന്നു.

തുടർന്ന് ഗുജറാത്തിൽ നിന്നും മടങ്ങിയെത്തിയ ഇവർ സംഭവത്തെക്കുറിച്ച് നാട്ടുകാരെ അറിയിച്ചു. ഇതിനുപിന്നാലെ പോലീസ് സ്റ്റേഷനിലെത്തി പീഡന പരാതി നൽകി. പോലീസ് ആദ്യം കേസെടുക്കാൻ തയാറായിരുന്നില്ല. തുടർന്ന് സ്ഥലം എംഎൽഎ ബാബുലാലിൻറെ ഇടപെടലിലാണ് കേസ് രജിസ്റ്റർ ചെയ്യാൻ പോലീസ് തയാറായത്. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് പോലീസ് കോൺസ്റ്റബിൾ ജിതേന്ദ്രയെ ജോലിയിൽ നിന്നും സസ്പെൻഡ് ചെയ്തത്. മറ്റ് രണ്ടു പോലീസുകാർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്.

## പ്രത്യേക യോഗം 29ന്

ജില്ലയെ ഭരണഘടനാ സാക്ഷരതയാക്കുന്ന 'ദി സിറ്റിസൺ' പ്രചരണ പരിപാടി ജില്ലാ പഞ്ചായത്ത്, കില, ജില്ലാ ആസൂത്രണ സമിതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു. പ്രചരണ പരിപാടി സംബന്ധിച്ച് 29ന് രാവിലെ 10 മണിക്ക് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ പ്രത്യേക യോഗം ചേരും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനാകും. ജില്ലയിലെ മന്ത്രിമാർ, എം പിമാർ, എം. എൽ. എമാർ ഡി. പി. സി അംഗങ്ങൾ, ജില്ലാതല വകുപ്പ് മേധാവികൾ, ജനകീയാസൂത്രണ ഫെസിലിറ്റേറ്റർ തുടങ്ങിയവർ പങ്കെടുക്കും.

## ഗ്രാമസമൃദ്ധി പദ്ധതി: ഏഴു ശതമാനം കാർഷിക വായ്പയുമായി പാലോട് സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്

പാലോട് :ഗ്രാമസമൃദ്ധി പദ്ധതിയിലൂടെ ഏഴു ശതമാനം കാർഷിക വായ്പയുമായി പാലോട് സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്. സമഗ്ര കാർഷിക വികസനം ലക്ഷ്യമിട്ടാണ് പദ്ധതി ആരംഭിച്ചിരിക്കുന്നത്. 25 കോടി രൂപയാണ് വായ്പാ വിതരണത്തിനായി ലക്ഷ്യമിടുന്നത്. കാർഷിക വായ്പക്ക് പുറമേ ദീർഘകാല വായ്പകളും ബാങ്ക് വിതരണം ചെയ്യുന്നുണ്ട്. 40 കോടി രൂപയാണ് ഇതിനുവേണ്ടി വായ്പയായി വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നതെന്ന് അധികൃതർ പറഞ്ഞു. വാണിജ്യം, വ്യവസായം, ഭവന നിർമാണം പുനരുദ്ധാരണം, ഫാം (പശു, ആട്, കോഴി), ടൂറിസം തുടങ്ങിയ എല്ലാ മേഖലക്കും ദീർഘകാല വായ്പ നൽകുന്നു. 85 ശതമാനം പലിശ നിരക്കിൽ പത്ത് മുതൽ പതിനഞ്ച് വർഷം വരെയാണ് കാലാവധി. 2018 19 സാമ്പത്തിക വർഷത്തിൽ 383466700 രൂപയും 2019 20ൽ 551395000 രൂപയും 2020 21ൽ 548630500 രൂപയും വായ്പയായി വിതരണം ചെയ്തു. ഈ സാമ്പത്തിക വർഷം 65 കോടി രൂപയാണ് വായ്പയായി നൽകാൻ ലക്ഷ്യമിടുന്നത്.

## പീഡനം: പ്രതിക്ക് ഒമ്പത് വർഷം കഠിന തടവും പിഴയും

തിരുവനന്തപുരം : എട്ടു വയസുകാരിയെ പീഡിപ്പിച്ച കേസിൽ പ്രതിക്ക് ഒമ്പത് വർഷം കഠിന തടവും മുപ്പതിനായിരം രൂപ പിഴയും .കുടപ്പനക്കുന്ന് നാല്മുക് ഏണിക്കര ലെയിനിൽ സുരേഷിനെയാണ് തിരുവനന്തപുരം അതിവേഗ സ്പെഷൽ കോടതി ജഡ്ജി ആർ.ജയകൃഷ്ണൻ ശിക്ഷിച്ചത്.

പിഴ തുക അടച്ചില്ലെങ്കിൽ ഒമ്പത് മാസം കൂടുതൽ ശിക്ഷ അനുഭവിക്കണം. പിഴ തുക ലഭിച്ചാൽ പീഡനത്തിനിരയായ പെൺക്കുട്ടിക്ക് നൽക്കണം. 2015 ഫെബ്രുവരി 16 രാത്രി 7.30 നാണ് കേസിനാസ്പദമായ സംഭവം നടന്നത്. പ്രതി മൂകനും ബധിരനുമാണ്.

പ്രോസിക്യൂഷന് വേണ്ടി സ്പെഷൽ പബ്ലിക്ക് പ്രോസിക്യൂട്ടർ ആർ.എസ്.വിജയ് മോഹൻ ഹാജരായി.

പേരുർക്കട എസ്ഐയായിരുന്ന വി. സൈജുനാഥാണ് കേസ് അന്വേഷിച്ചത്.

സർക്കാർ കുട്ടിക്ക് നഷ്ടപരിഹാരം നൽക്കണമെന്ന് വിധിയിൽ പറയുന്നു.

# സംസ്ഥാനത്ത് വ്യാപക റെയ്ഡ്: 7,674 ഗുണ്ടകൾ അറസ്റ്റിൽ

കൊച്ചി: സംസ്ഥാനത്തെ ഗുണ്ടാ പ്രവർത്തനങ്ങൾ അമർച്ച ചെയ്യാനായി വിവിധ ജില്ലകളിൽ റെയ്ഡ് ഉൾപ്പെടെയുള്ള പോലീസ് നടപടികൾ പുരോഗമിക്കുന്നു. കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ സംസ്ഥാനത്ത് 7,674 സാമൂഹിക വിരുദ്ധരെ അറസ്റ്റ് ചെയ്തതായി പോലീസ് അറിയിച്ചു.

വിവിധ സ്ഥലങ്ങളിലെ റെയ്ഡിൽ 3245 മൊബൈൽ ഫോണുകൾ പിടിച്ചെടുത്തു. ജാമ്യ വ്യവസ്ഥകൾ ലംഘിച്ച 53 പേരുടെ ജാമ്യം റദ്ദ് ചെയ്തു. കാപ്പ നിയമപ്രകാരം 175 പേർക്കെതിരേ നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണ്ടകൾക്കെതിരേ ശക്തമായ നടപടി സ്വീകരിക്കാൻ നടപടികൾ തുടരാൻ പോലീസ് മേധാവി നിർദേശം നൽകി.

## ലൈഫ് മിഷനിൽ ഭൂമി സംഭാവന ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം 30ന്

2021 22 സാമ്പത്തികവർഷം മുതൽ മൂന്ന് വർഷം 2.5 ലക്ഷം ഭൂരഹിതർക്ക് പൊതുസമൂഹത്തിന്റെ സഹകരണത്തോടെ ഭൂമി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ലൈഫ് മിഷൻ നടത്തുന്ന ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം തദ്ദേശസ്വയംഭരണ മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ എറണാകുളം ടൗൺഹാളിൽ 30ന് വൈകിട്ട് 5ന് നിർവഹിക്കും.

ഭൂരഹിതർക്ക് സ്ഥലം വാങ്ങുന്നതിന് 1,000 കുടുംബങ്ങൾക്കായി 25 കോടി രൂപ ധനസഹായമായി നൽകാമെന്ന കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷന്റെ വാഗ്ദാനം നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രത്തിന് സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് ഒപ്പുവെച്ച് കൈമാറുന്ന ചടങ്ങും ഇതിനൊപ്പം നടക്കും.

## കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ കൗൺസിലിൽ ഡെപ്യൂട്ടേഷൻ നിയമനം

കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ ഓഫീസിൽ ഒഴിവുള്ള അക്കൗണ്ടന്റ് (ശമ്പള നിരക്ക് 35,600 75,400 രൂപ) തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സർക്കാർ സർവീസിൽ സമാന തസ്തികയിൽ സേവന മനുഷ്ഠിക്കുന്നവരാണ് അപേക്ഷിക്കേണ്ടത്. ബയോഡേറ്റ, റൂൾ 144 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്, നോട്ടിഫിക്കേഷന് ശേഷം മാതൃവകുപ്പിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രം എന്നിവ സഹിതം ജനുവരി 10 വൈകിട്ട് അഞ്ചിനു മുൻപ് രജിസ്ട്രാർ, കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം 695035 എന്ന വിലാസത്തിൽ അപേക്ഷിക്കണം.

# സംസ്ഥാനത്ത് ഇന്ന് 2474 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു



തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 2474 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞ 24 മണിക്കൂറിനിടെ 60,597 സാമ്പിളുകളാണ് പരിശോധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 3052 പേർ രോഗമുക്തി നേടി.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 38 മരണങ്ങളാണ് കോവിഡ് മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 206 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 47,066 ആയി.

എറണാകുളം 419, തിരുവനന്തപുരം 405, കോഴിക്കോട് 273, തൃശൂർ 237, കോട്ടയം 203, കണ്ണൂർ 178, കൊല്ലം 167, പത്തനംതിട്ട 158, മലപ്പുറം 102, വയനാട് 90, ആലപ്പുഴ 87, ഇടുക്കി 60, പാലക്കാട് 60, കാസർഗോഡ് 35 എന്നിങ്ങനെയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 24 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 2302 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 121 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 27 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,16,378 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,12,641 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 3737 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 197 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

സംസ്ഥാനത്ത് 20,400 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 51,71,080 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള 5 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 6 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

നിലവിൽ 20,400 കോവിഡ് കേസുകളിൽ, 11 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

# കിഴക്കമ്പലത്തെ അതിക്രമം; പോലീസുകാരുടെ ചികിത്സാച്ചെലവ് ഏറ്റെടുക്കുമെന്നു സേന

തിരുവനന്തപുരം: കിഴക്കമ്പലത്ത് അതിഥി തൊഴിലാളികൾ നടത്തിയ അക്രമം തടയുന്നതിനിടെ പരിക്കേറ്റ പോലീസ് ഉദ്യോഗസ്ഥരുടെ ചികിത്സാചെലവ് പോലീസ് വഹിക്കും. സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് ആണ് ഇക്കാര്യം അറിയിച്ചത്.

അതിക്രമത്തിന് ഇരയായ പോലീസ് ഉദ്യോഗസ്ഥർ ചികിത്സയ്ക്കായി മുടക്കിയ പണം തിരികെ നൽകും. ചികിത്സ തുടരുന്നവർക്ക് ആവശ്യമായ പണം നൽകാനും തീരുമാനമായതായി ഡിജിപി അറിയിച്ചു.

അതേസമയം, സംഭവവുമായി ബന്ധപ്പെട്ട് ഇതുവരെ 163 പേരെ അറസ്റ്റ് ചെയ്തു. വധശ്രമം ഉൾപ്പടെ 12 വകുപ്പുകളാണ് പ്രതികൾക്കെതിരെ ചുമത്തിയിരിക്കുന്നത്.

ആക്രമികൾ പോലീസ് ഇൻസ്പെക്ടറെ വധിക്കാൻ ശ്രമിച്ചെന്നാണ് റിമാൻഡ് റിപ്പോർട്ട്. എസ്എച്ച്ഒ ഉൾപ്പടെയുള്ള പോലീസിനെ വധിക്കാൻ ശ്രമിച്ചത് 50ലേറെ പേർ ചേർന്നാണെന്നും റിപ്പോർട്ടിലുണ്ട്.

കല്ല്, മരവടി,മാരകായുധങ്ങൾ എന്നിവ ഉപയോഗിച്ച് പോലീസിനെ ആക്രമിച്ചു. പോലീസ് ജീപ്പ് കത്തിച്ചു. സർക്കാരിന് 12 ലക്ഷം രൂപയുടെ നഷ്ടമുണ്ടായെന്നും റിപ്പോർട്ടിലുണ്ട്. അതേസമയം, പോലീസുകാരുടെ ചികിത്സാച്ചെലവ് ഏറ്റെടുക്കാൻ തയാറാണെന്നു കിറ്റക്സ് കമ്പനി നേരത്തെ പറഞ്ഞിരുന്നു.

കിറ്റക്സിലെ ജീവനക്കാർ താമസിക്കുന്ന ക്വാർട്ടേഴ്സുകളിലാണ് സംഘർഷവും അക്രമവും നടന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.